# നിയോഗം

Reg.No. E-3884/05/K.Div.

ബ്രദറൺ വാർത്താ പത്രിക

വാർഷിക വരിസംഖ്യ 100 രൂപ

പുസ്തകം 10, ലക്കം 4 2012 ഏപ്രിൽ 5


ഉൾപ്പേജുകളിൽ...


ആദരവ് ഈ ആയുസ്സിലും ആകാം 3
ദീപശിഖയേന്തിയവർ 3
ക്രിസ്തുവിന്റെ ക്രൂശ് മറയ്ക്കപ്പെടുന്നുവോ 4
പഴയപുറം 4
മുപ്പതുവെള്ളിക്കാശ്... 5


# റെയ്ച്ചൂർ ഗ്രാമസുവിശേഷീകരണം.

2012 മാർച്ച് 2 മുതൽ ക്രമീകരിച്ചിരുന്ന റെയ്ച്ചൂർ ഗ്രാമസുവിശേഷീകരണം അനുഗ്രഹകരമായി നടന്നു. ആന്ധ്രയിലെ വിജയനഗരത്തെ ആദിവാസികോളനികളിലെ പ്രവർത്തനത്തിനുശേഷം സഹോ. ജോർജ്ജ് മാത്യൂസും ശോശാമ്മാമാത്യൂസും എം.വി. ബാബുവും കുടുംബവും റെയ്ച്ചൂരിൽ എത്തി.

കഴിഞ്ഞ 5 വർഷമായി സുവി. റ്റി. ജെ. മാത്യു കുടുംബമായി താമസിച്ച് റെയ്ച്ചൂർ ടൗണിലും ഗ്രാമപ്രദേശങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സ്റ്റാൻലി എന്ന സുവിശേഷകൻ മാത്രമെ മാത്യുസിനെ സഹായിക്കുവാനായി അവിടെ ഉള്ളു. ഉൾഗ്രാമങ്ങളിൽ പ്രവർത്തിക്കുവാൻ അർപ്പണബോധവും താല്പര്യവുമുള്ള സഹോദരന്മാർ ഉണ്ടെങ്കിൽ നിരവധി സഭകൾ അവിടെ രൂപംകൊള്ളും. റെയ്ച്ചൂർ ടൗണിൽ ഡോ. സോളമന്റെ ഭവനത്തിൽ സഭാകൂടിവരവ് നടക്കുന്നു. നവോദയ മെഡിക്കൽ കോളജിലെ വിദ്യാർത്ഥികൾ ഉൾപ്പെടെ മുപ്പതുപേരോളം കൂടിവരുന്നു.




മാർച്ച് 4-ാം തീയതി ചാഗ്ബാവി എന്ന ഗ്രാമത്തിൽ ആരാധനായോഗത്തിൽ പങ്കുകൊള്ളുവാൻ ഇടയായി. നാൽപ്പതുപേരോളം ഇവിടെ കൂടിവരുന്നു. ഗ്രാമവാസികൾ വിശ്വാസത്തിൽ വളർന്നുവരുന്നു. 4-ാം തീയതി വൈകിട്ട് ഹുഡുക്കൂർ ഗ്രാമത്തിലെ പ്രവർത്തനങ്ങളിൽ സഹകരിച്ചു. വൈകിട്ട് ഒരു വീടന്റെ മുകളിൽ നടന്ന മീറ്റിംഗിൽ വളരെപ്പേർ താല്പര്യത്തോടെ വചനം കേൾക്കുവാൻ കൂടിവന്നു. ചാർലി എന്ന യുവസഹോദരൻ ആ ഗ്രാമത്തിൽ നിന്നും രക്ഷിക്കപ്പെട്ട് ടൗൺ സഭയിൽ കൂടിവരുന്നു.

തുടർന്ന് ഞങ്ങൾ പോയത് കോടൽ എന്ന ഗ്രാമത്തിലാണ്. വൈകിട്ട് കൃഷ്ണാനദിയിൽ ഏഴുപേർ സ്നാനമേറ്റു. തുടർന്നുനടന്ന ആരാധനായോഗത്തിൽ മുപ്പതോളംപേർ പങ്കുകൊണ്ടു. കോടൽ ഗ്രാമത്തിൽ ഒരു ചെറിയ സഭാഹാൾ നിർമ്മിച്ചിട്ടുണ്ട്. ഹോസ്പേട്ട എന്ന ഗ്രാമത്തിലും ആരാധനായോഗം ആരംഭിച്ചിട്ടുണ്ട്. ദൈവമക്കളുടെ സഹകരണത്തിൽ ഇവിടെയും ഒരു സഭാഹാൾ നിർമ്മിക്കുവാൻ സാധിച്ചു.

കർണ്ണാടകയുടെ വടക്കൻ മേഖലയായ ഇവിടെ ഇനിയും സുവിശേഷം അറിയിക്കുവാൻ നിരവധി ഗ്രാമങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ആവശ്യങ്ങൾ വളരെയാണ്. 80 കി.മീ. വരെ ദൂരമുള്ള ഗ്രാമങ്ങളിൽ എത്തിച്ചേരുവാൻ ഒരു വാഹനത്തിന്റെ ആവശ്യം സഹോദരനുണ്ട്. ദൈവമക്കൾ പ്രാർത്ഥിക്കുക അനുകൂലമായി പ്രതികരിക്കുക.




## കെ.വി. ജോർജ്ജ് പത്തനാപുരം നിത്യതയിൽ



പ്രസിദ്ധ സുവിശേഷകനും പ്രവചന പഠിതാവും വേദപണ്ഡിതനും ക്രൈസ്തവ എഴുത്തുകാരനും ബൈബിൾ കോളജ് അദ്ധ്യാപകനും ആയിരുന്ന കെ. വി. ജോർജ്ജ് (85) മാർച്ച് 23 ന് താൻ പ്രിയം വച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം മാർച്ച് 31 ന് പത്തനാപുരം പുതുവൽ കുടുംബക്കല്ലറയിൽ ദൈവജനത്തിന്റെ സാന്നിദ്ധ്യത്തിൽ സംസ്കരിച്ചു. പുനലൂർ ചെമ്മന്തൂർ ചരുവിള കുടുംബാംഗമായ തങ്കമ്മയാണ് ഭാര്യ.

ശാസ്ത്രയുഗത്തിൽ ബൈബിൾ വിശ്വസനീയമോ, ക്രിസ്തുവിന്റെ പുനരാഗമനവും ഭാവികാലസംഭവങ്ങളും പഴയനിയമ പ്രവേശിക പുതിയ നിയമ പ്രവേശിക തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവായ അദ്ദേഹം കലഞ്ഞൂർ ബ്രദറൺ അസംബ്ലി മൂപ്പന്മാരിൽ ഒരാളായിരുന്നു. നമ്മുടെ മധ്യത്തിൽ വിവിധ ആത്മീയശുശ്രൂഷകൾക്ക് നേതൃത്വം നൽകിയിരുന്ന കർത്തൃദാസൻ നാലു ദശാബ്ദങ്ങളായി ദൈവജനത്തിന്റെ മധ്യത്തിൽ തന്റെ പ്രഭാഷണങ്ങൾ കൊണ്ട് ശ്രദ്ധേയനായിരുന്നു. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെ.

## ഡോ. റ്റി.ഇ.ഈശോ കർത്തൃസന്നിധിയിൽ



അനുഗ്രഹീത സുവിശേഷകനും വേദാദ്ധ്യാപകനും ബ്രദറൺ ചരിത്രകാരനും സുവിശേഷപ്രഭാഷകനും ആയിരുന്ന കർത്തൃദാസൻ മാർച്ച് 20ന് നിത്യതയിൽ ചേർക്കപ്പെട്ടു. കഴിഞ്ഞ ചില നാളുകളായി വാർദ്ധക്യ സഹജമായ രോഗങ്ങളാൽ ക്ഷീണിതനായിരുന്നു.

കുറിയന്നൂർ താന്നിക്ക പറത്തൂട്ട് കുഞ്ഞച്ചൻ ഉപദേശിയുടെ മകനും സുവിശേഷകൻ എം.ഇ. ചെറിയാന്റെ ഇളയ സഹോദരനുമായ റ്റി. ഇ. ഈശോ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ് കർത്തൃശുശ്രൂഷയ്ക്കായി വേർതിരിഞ്ഞു. വടക്കേ ഇൻഡ്യയിൽ മോത്തിഹാരിയിലും ദീർഘവർഷങ്ങൾ പാറ്റ്നായിലും പ്രവർത്തിച്ചു. ഇപ്പോൾ താമ്പരത്ത് ബഥേൽ ബ്രദറൺ സഭയിൽ കൂടിവരികയായിരുന്നു. സുവിശേഷകൻ മാസികയുടെ ചീഫ് എഡിറ്റർ ആയിരുന്ന അദ്ദേഹം ഉതിർന്ന മലരുകൾ, ബ്രദറൺ പ്രസ്ഥാനം ലോകമെങ്ങും മാറ്റമില്ലാത്ത ക്രിസ്തു, സഭ വിളിക്കപ്പെട്ടവരുടെ കൂട്ടം, വീണ്ടും വരുന്ന ക്രിസ്തു തുടങ്ങിയ ഗ്രന്ഥങ്ങൾ താൻ രചിച്ചിട്ടുണ്ട്. സഹോദരൻ ഈശോയുടെ വേർപാട് ബ്രദറൺ സമൂഹത്തിന് ഒരു നഷ്ടം തന്നെയാണ്. മാർച്ച് 22ന് അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ താമ്പരം ബെഥേൽ ബ്രദറൺ സഭയുടെ ചുമതലയിൽ സംസ്കരിച്ചു. മക്കൾ : ഡേവിഡ് ഈശോ, ഡെയ്സി

## പാണ്ടനാട് കൺവൻഷൻ സമാപിച്ചു



പാണ്ടനാട് കൺവൻഷനിൽ ജോസ് മാങ്കുടി സന്ദേശം നൽകുന്നു.

പാണ്ടനാട് ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2012 മാർച്ച് 1,2,3 തീയതികളിൽ നടന്ന സുവിശേഷയോഗങ്ങൾ ഞായറാഴ്ച നടന്ന സംയുക്താരാധനയോടെ സമാപിച്ചു. കർത്തൃദാസന്മാരായ സജ്ജീവ് വർഗ്ഗീസ്, പി.ജി. ജയിംസ് തണ്ണിത്തോട്, ജോസ് മാങ്കുടി വയനാട് എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. ബൈബിളിലെ പ്രവചനഗ്രന്ഥമായ വെളിപ്പാടു പുസ്തകത്തിലെ ക്രിസ്തുവിന്റെ രണ്ടാം വരവിനെ വെളിപ്പെടുത്തുന്ന മുഖവുരയെന്ന നിലയിൽ യൂദാ എഴുതിയ ലേഖനം അടിസ്ഥാനമാക്കിക്കൊണ്ട് യേശുക്രിസ്തുവിന്റെ പുനരാഗമനത്തെ ഉറപ്പാക്കുന്ന തന്റെ സന്ദേശത്തിൽ വിശ്വാസികൾ ഒരുക്കത്തോടിരിക്കാനും അവിശ്വാസികൾ വിശ്വസിച്ച് രക്ഷ പ്രാപിക്കാനുമുള്ള ചുരുങ്ങിയ കാലഘട്ടത്തിലാണ് നാമെല്ലാം ആയിരിക്കുന്നതെന്നും ജോസ് മാങ്കുടി ഓർമ്മിപ്പിച്ചു. നവിൻ ഫിലിപ്പ്, നിധിൻ ഫിലിപ്പ്, ഫിലിപ്പ് ആൻഡ്രൂസ് എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സുവി. സമുവേൽ റ്റി. ഫിലിപ്പ് ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തു.

## ദൈവവചനത്തിന് ബന്ധനമില്ല...

### ജയിലിൽ അടയ്ക്കപ്പെട്ട സുവിശേഷകന്മാർ...



SATYA SOREN



NIPEN DAS



WELESTON KISKU




DULAAL MANDAL

**വെസ്റ്റ് ബംഗാൾ:** വെസ്റ്റ് ബംഗാളിലെ അസൻ സോളിനടത്ത് സുവിശേഷം അറിയിച്ചുകൊണ്ടിരുന്ന ഗോസ്പൽ ഔട്ട് റീച്ച് ടീം അംഗങ്ങളിൽപ്പെട്ട 4 സുവിശേഷകന്മാർ ഉൾപ്പെടെ ആറുപേരെ അറസ്റ്റുചെയ്ത് ജയിലിൽ അടച്ചു. ഒരു വില്ലേജിൽ പരസ്യശുശ്രൂഷ നടത്തവേ അതിനോടനുബന്ധിച്ച് ഒരു സ്നാനശുശ്രൂഷയും ക്രമീകരിച്ചിരുന്നത് അറിഞ്ഞ സുവിശേഷ വിരോധികളായ ഗ്രാമവാസികളുടെ പരാതിയെ തുടർന്ന് നിർബന്ധിത മതപരിവർത്തനത്തിന് മുതിർന്നുവെന്ന് ആരോപിച്ച് ആയിരുന്നു അറസ്റ്റ്.

വക്കീലന്മാരുടെ സമരത്തെ തുടർന്ന് കോടതി അവധിയിലായിരുന്നതിനാൽ 15 ദിവസത്തോളം ജയിലിൽ കിടക്കേണ്ടിവരുന്നു. എന്നാൽ ജയിലിലുള്ളിൽ സുവിശേഷം അറിയിപ്പാനും അനേകർ കർത്താവിന്റെ വചനം കേൾക്കുവാനുമായി അവസരം ആയത് ഓർത്ത് സഹോദരന്മാർ വളരെ സന്തോഷത്തിലായിരുന്നു. വേണ്ടപ്പെട്ടവരേയും സഹോദരവർഗ്ഗത്തേയും കാണാതെ ദിവസങ്ങളോളം കഴിയേണ്ടിവന്നെങ്കിലും ഫിലിപ്യൻ കാരാഗ്രഹത്തിൽ അടയ്ക്കപ്പെട്ട പൗലോസിന്റെയും ശീലാസിന്റെയും അനുഭവമായിരുന്നു തങ്ങൾക്ക് അനുഭവിപ്പാൻ കഴിഞ്ഞതെന്ന് സഹോദരന്മാർ സാക്ഷിക്കുന്നു. ദൈവവചനത്തിന് ബന്ധനമില്ലല്ലോ.....

സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്...

## എഡിറ്റോറിയൽ



# നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ

“യഹോവയുടെ ദാസനായ മോശയുടെ മരണശേഷം...” എന്ന് പറഞ്ഞുകൊണ്ടാണ് യോശുവയുടെ പുസ്തകം ആരംഭിക്കുന്നത്. യിസ്രായേലിന്റെ സമുന്നത നേതാവായിരുന്നു മോശ. യിസ്രായേൽ മക്കളെ നാല്പതു വർഷം മരുഭൂമിയിലൂടെ നയിച്ച്, ചിരകാല സ്വപ്നമായ വാഗ്ദത്തനാടിന്റെ കവാടത്തിൽ എത്തിയിരിക്കയാണ്. കനാൻ നാട്ടിലേക്ക് തനിക്ക് പ്രവേശനമില്ലയെന്ന് തനിക്കറിയാമെങ്കിലും മോശ മരിക്കും എന്ന് യിസ്രായേലിൽ ആരും പ്രതീക്ഷിച്ചിരുന്നില്ല. മോശ പോലും ആ യാഥാർത്ഥ്യത്തെ അംഗീകരിച്ചിരുന്നില്ല.

മരണം അപ്രതീക്ഷിതവും അംഗീകരിക്കപ്പെടാത്തതുമായ ഒരു യാഥാർത്ഥ്യമാണ്. തങ്ങൾ പ്രതീക്ഷിക്കുന്ന സമയത്തല്ല ആരും മരിക്കുന്നത്. ദൈവത്തിന്റെ സമയത്താണ് മരണം കടന്നു വരുന്നത്. ഒത്തിരി കാര്യങ്ങൾ ചെയ്തു തീരുവാനുണ്ട്. അതുകൊണ്ട് മരണത്തെക്കുറിച്ച് ചിന്തിക്കുവാൻ മനുഷ്യന് സമയമില്ല. ജീവിതത്തിന്റെ സമസ്ത തലങ്ങളിലും വ്യത്യസ്ഥതകൾ നിലനിൽക്കുന്നുണ്ടെങ്കിലും എല്ലാവരെയും തുല്യരാക്കുന്ന ഏറ്റവും വലിയ പ്രതിഭാസമാണ് മരണം.

2012 മാർച്ച് മാസം പ്രഗത്ഭരായ നിരവധി വ്യക്തികൾ ബ്രദറൺ സമൂഹത്തിൽ നിന്നും മാറ്റപ്പെട്ടു. കെ. പി. ജോർജ്ജ് മൈലപ്ര, ടി. ഈ. ഈശോ താംബരം, കെ. വി. ജോർജ്ജ് പത്തനാപുരം, വർക്കി സി. ജോൺ കലഞ്ഞൂർ തുടങ്ങിയവർ സഭാതലത്തിലും സംഘടനാതലത്തിലും സുവിശേഷഗോളത്തിലും ശോഭിച്ചിരുന്നവർ, പ്രതീക്ഷിക്കാത്ത സമയത്ത് വിടപറയുന്നു. സഭയുടെ സമസ്ഥ തലങ്ങളിലും വിടവ് സൃഷ്ടിക്കുന്നു. എന്താണ് ഈ പ്രത്യേക സാഹചര്യം നമുക്ക് തരുന്ന പാഠങ്ങൾ.

മോശ മരിക്കും യോശുവ മരിക്കും കാലേബ് മരിക്കും, എന്നാൽ യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ”. കാണുന്ന മനുഷ്യരൊക്കെ മാറിപ്പോകുന്നവരാണ്. രാജാവായാലും മന്ത്രിയായാലും പ്രേഷിതവര്യരാണെങ്കിലും സഭാമൂപ്പന്മാരായാലും എല്ലാവരും മാറിപ്പോകും. എന്നാൽ ദൈവാസ്ത്യകൃത്തിലുള്ള നമ്മുടെ വിശ്വാസം കുറെക്കൂടെ ശക്തിപ്പെടണം. നമ്മുടെ ആശ്രയം ദൈവത്തെ കേന്ദ്രീകരിച്ചായിരിക്കണം.

മറ്റൊരു കാര്യം നേതൃത്വം മാറ്റപ്പെടുമ്പോൾ അതേറ്റെടുക്കുവാനുള്ള തലമുറ കടന്നു പോയ തലമുറയുമായി വലിയ അകൽച്ച കാണുന്നു. ജീവിച്ചിരിക്കുമ്പോൾ തന്നെ ഒരു പുതിയ നേതൃത്വത്തെ വാർത്തെടുക്കാൻ നമുക്കു കഴിയുന്നില്ലെങ്കിൽ പുതിയ നേതൃത്വത്തിന്റെ അഭാവം സഭകളിൽ അറിയപ്പെടും. പരിചയമില്ലാത്ത ഒരു നേതൃത്വനിരയെ തട്ടിക്കൂട്ടേണ്ടതായി വരുന്നു. സഭയുടെ ആത്മീക വളർച്ചയെ അത് സാരമായി ബാധിക്കുന്നു. നിലവിലുള്ള നേതൃത്വവുമായി ആശയവിനിമയം വളരെ കുറഞ്ഞതായി നാം കാണുന്നു. പുതിയ തലമുറയെ കണ്ടെത്തുവാനും പരിചയിപ്പിക്കുവാനും അമാന്തിക്കുന്ന എന്നുള്ളത് സഭകളിൽ എവിടെയും കണ്ടുവരുന്നു. അമചുറായ ആളുകൾ ഭരണം ഏറ്റെടുക്കുന്നത് സമൂഹത്തെ മുഴുവൻ ബാധിക്കുന്ന പ്രശ്നമാണ്.

എന്റെ ദാസനായ മോശ മരിച്ചു എന്ന ഒരു പ്രസ്ഥാവന മാത്രമെ ദൈവം നടത്തുന്നുള്ളു. വേർപാടിന്റെ വേദനയിൽ കർത്തവ്യങ്ങൾ മറക്കരുത് എന്ന് ദൈവം ഓർപ്പിക്കുന്നു. ദൈവത്തിന്റെ മുമ്പിൽ ഒരു നേതാവും അത്യന്താപേക്ഷിതമല്ല എന്ന് മോശയുടെ മരണം തെളിയിക്കയാണ്. മോശ മരിച്ചാൽ ഇനി എങ്ങനെ? യിസ്രയേലിന്റെ മുൻപിലുള്ള വലിയ ചോദ്യമായിരുന്നു. ദുഃഖം അവരെ തളർത്തുവാൻ സാദ്ധ്യതയുണ്ട്. ലക്ഷ്യബോധം നഷ്ടമാകുവാൻ സാധ്യതയുണ്ട്. എന്നാൽ ദൈവം യോശുവയോട് പറയുന്നത് “ആകയാൽ നീയും ഈ ജനവും പുറപ്പെട്ട് യോർദ്ദാനക്കരെ ഞാൻ യിസ്രയേൽ മക്കൾക്ക് കൊടുക്കുന്ന ദേശത്തേക്ക് കടന്നുപോകുവിൻ. ദൈവത്തിന്റെ മുൻപിൽ ഒന്നും ആക്സമികമായിരുന്നില്ല. വാഗ്ദത്ത നാട്ടിലേക്ക് പോയേ മതിയാകയുള്ളു. ദൈവം പറഞ്ഞതാണെങ്കിൽ അനുസരിച്ചേ തീരൂ. ദൈവം കല്പിക്കാത്തതിനായി ബദ്ധപ്പെടേണ്ട കാര്യമില്ല.

മോശ ഭൂതലത്തിലേക്കും... സൗമ്യനാണെങ്കിലും ദൈവീക ശിക്ഷയ്ക്കു മുമ്പിൽ ഒരു പക്ഷാഭേദവുമില്ല. അനുസരണക്കേട് മറന്നു കളയാവുന്നതാണെങ്കിലും മാനുഷിക ഫ്രെയിമിൽ കോപമാണെങ്കിലും കല്പന തന്നത് ദൈവമാണെന്ന് മോശ മറന്നുപോയി. സമുന്നതനായ നേതാവാണെങ്കിലും ദൈവീക ഇടപെടലിന് വിധേയനായി എന്നത് ഒരു നല്ല നിർദ്ദേശമാണ്.

മോശയുടെ മരണം ഒരു നേതൃത്വ പ്രതിസന്ധി മരുഭൂമിയിൽ ഉണ്ടാക്കുന്നില്ല. കാരണം കഴിഞ്ഞ 40 വർഷമായി യോശുവ എന്ന നേതാവിനെ മോശ പരിശീലിപ്പിക്കുന്നുണ്ടായിരുന്നു. യോശുവയോടൊപ്പം മത്സരബുദ്ധിയില്ലാത്ത കാലേബും എന്തിനും സന്നദ്ധനായി അവിടെ ഉണ്ടായിരുന്നു. ഈ മാതൃക നമുക്കും ഉണ്ടാകണം. വളരുന്ന തലമുറയെ നേതൃത്വനിർവ്വഹണത്തിനായി സജ്ജമാക്കുക. ഭാവിയുടെ ആവശ്യം എന്താണെന്ന് മനസ്സിലാക്കുക. മരണം കൊണ്ട് ഉണ്ടാകുന്ന വിടവ് നികത്തുവാൻ നമുക്ക് സാധിക്കും.

ഇവാ. എം.വി. ബാബു

# ഫിലിം പ്രദർശനവും സുവിശേഷ സന്ദേശവും

**പുളിയാംകുടി :** പുളിയൻകുടിയിൽ നടന്നുവരുന്ന ഗ്രാമസുവിശേഷീകരണത്തിന്റെ ഭാഗമായി അയ്യാപുരം എന്ന ഗ്രാമത്തിൽ ക്രിസ്തീയ ഫിലിം പ്രദർശനവും സുവിശേഷപ്രഭാഷണവും നടന്നു. കർത്തൃദാസൻ എസ്. സജ്ജീവി ദൈവവചനം ശുശ്രൂഷിച്ചു. ഗ്രാമവാസികളായ നൂറുകണക്കിന് ആളുകൾ പ്രസ്തുത യോഗത്തിൽ സന്നിഹിതരായിരുന്നു. ന്യൂയോർക്കിലെ ഇമ്മാനുവേൽ ബ്രദറൺസഭയിൽ നിന്നും സഹോ. ജോർജ്ജ് മാത്യൂസും ശോശാമ്മ മാത്യൂസും മിഷൻ ട്രിപ്പിനോടനുബന്ധിച്ച് യോഗത്തിൽ സന്നിഹിതരായിരുന്നു. 11–ാം തീയതി നടന്ന ആരാധനായോഗത്തിൽ അറുപതിൽ അധികം സഹോദരി സഹോദരന്മാർ സംബന്ധിച്ചു. സഹോ. ജോർജ്ജ് മാത്യു, ദൈവവചനം ശുശ്രൂഷിച്ചു. ആരാധനായോഗത്തിനുശേഷം ഹൃദ്യമായ സ്നേഹസൽക്കാരവും ഉണ്ടായിരുന്നു.

## നല്ല ഇടയൻ മിനിസ്ട്രി

പുളിയാംകുടി: നല്ല ഇടയൻ മിനിസ്ട്രിയുടെ ചുമതലയിൽ നടത്തപ്പെടുന്ന ചിൽഡ്രൻസ് ഹോമിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. ചിൽഡ്രൻസ് ഹോം ബിൽഡിംഗിന്റെ മുകളിൽ ബൈബിൾ കോളജിനായുള്ള കെട്ടിടത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തിക സഹായം ഈ ശുശ്രൂഷയ്ക്ക് ആവശ്യമാണ്. ദൈവജനം പ്രാർത്ഥിക്കുക. പുളിയാംകുടി സഭയിൽ പുതിയ ആത്മാക്കൾ പലരും വന്നുകൊണ്ടിരിക്കുന്നു.

ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ ഗ്രാമസുവിശേഷീകരണ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു. 10 സുവിശേഷകന്മാർ ഈ പ്രവർത്തനങ്ങളിൽ തുടർച്ചയായി പങ്കെടുക്കുന്നു. സഹോദരന്മാരായ ഫിലിപ്പ്കുട്ടി, ചിന്നരാജ്, ജോൺ കെന്നഡി എന്നിവർ നേതൃത്വംകൊടുക്കുന്നു.

# 40–ാം മത് സൗത്ത് തമിഴ്നാട് ബ്രദറൺ കോൺഫ്രൻസ്

**കുറ്റാലം :** കുറ്റാലം ട്രാവൻകൂർ പാലസ്സിൽ മെയ് 2012 1 ചൊവ്വാ മുതൽ 4 വെള്ളി വരെ സൗത്ത് തമിഴ്നാടിലുള്ള 40 സഭകളുടെ സഹകരണത്തോടുകൂടി വർഷംതോറും നടന്നുവരുന്ന കോൺഫ്രൻസ് ഈ വർഷവും നടക്കുന്നു. ‘എന്റെ സ്നേഹത്തിൽ നിലനിൽക്കുക’ (യോഹ. 15:9) എന്നതാണ് ക്യാമ്പ് തീം. കർത്തൃദാസന്മാരായ ഐസക്ക് മണ്ണൂർ, എം.വി. ബാബു കല്ലിശ്ശേരി, ഡേവിഡ് ഡെൽഫിൻ പോണ്ടിച്ചേരി, ജോൺ സാമുവേൽ സേലം എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതാണ്. ടൈറ്റസ് ചെറിയാൻ നയിക്കുന്ന ഹാപ്പി മെലഡി മധുരൈ സംഗീത ശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. കുട്ടികൾക്കായുള്ള പരിപാടികൾക്ക് അരുളാച്ചിയിലെ എം. ശിമയോനും ഗ്രൂപ്പും നേതൃത്വം നൽകുന്നു. യുവതി - യുവാക്കൾക്ക് പ്രത്യേക പരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. ആയിരത്തി അഞ്ഞൂറോളം വിശ്വാസികളെ കോൺഫ്രൻസിൽ പ്രതീക്ഷിക്കുന്നു. ക്യാമ്പിന്റെ ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടുവാൻ ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

Christian Assembly Trust A/c No. 57050143243 with SBT Senkottai.
Address:
R. Kuttiraj, 227 Ramalayam, Courtallam, Tenkasi - 627802. TN
Ph: 09443613044.

## സോദരിസമാജം കല്ലിശ്ശേരി സെന്റർ

കല്ലിശ്ശേരി : സോദരി സമാജം അടുത്ത യോഗം ചെറിയനാട് ബ്രദറൺ സഭാഹാളിൽ വച്ച് ഏപ്രിൽ 14 ശനിയാഴ്ച പത്തുമണിക്ക് നടക്കുന്നതാണ്. സഹോദരിമാർ പ്രാർത്ഥനയോടെ കടന്നുവരേണമെന്ന് താല്പര്യപ്പെടുന്നു. സെക്രട്ടറി മോളി ബാബു, 9495924260. ബൈബിൾ ക്വിസ്: അപ്പോ.പ്രവൃത്തി 11 - 20 വരെ അദ്ധ്യായങ്ങൾ.

## പുസ്തക പരിചയം

പ്രസിദ്ധ ഗ്രന്ഥരചയിതാവായ എം.വി.തോമസ് രചിച്ച സമാഗനമകൂടാരം എന്നഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് ഫ്രീഡം പബ്ലിക്കേഷൻസ്, അടൂർ പുറത്തിറങ്ങിയിരിക്കുന്നു. 88 പേജുള്ള ഈ പുസ്തകത്തിന്റെ വില. 75 രൂപയാണ്. വേദവിദ്യാർത്ഥികൾക്കും വിശ്വാസികൾക്കും ഒരുപോലെ പ്രയോജനകരമായ ഒരു ഗ്രന്ഥമാണ് ഇത്: ഫോൺ: 9447558128.

**നിയോഗം**

| | |
|---|---|
| Chief Editor | - M.V. Babu |
| Editor | - Molly Babu |
| Managing Editor | - P.O. Samuel |
| Associate Editor's | - Shajahan V. Hassan |
| | - Titus Samuel |
| | - S. Sanjivi, 9447668224 |
| U.S. Co-ordianator | - Rajan Thomas NY 914 347 2696 |
| Editorial Board | |
| Mathew Cherian | - TX 281 487 1683 |
| Roy Varghese | - GA 770 755 5345 |
| George Samuel | - Houston |
| Advisory Board | |
| P.A. Philip | - Doha |
| P.T. Philip | - Houston |
| M.V. Sunny | - Dubai |
| Geevarghese Thankachan | - NJ |

Editing, Layout & Design
Puthethu Offset, Kallissery. 0479 2426561
desing: rajeshprasadam@gmail.com

“സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ട്”

നിയോഗം വിശ്വാസത്തിന്റെ കാൽവയ്പാണ്.
ഈ ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കുകയും നിങ്ങളുടെ പ്രതികരണങ്ങൾ അറിയിക്കുകയും ചെയ്യുക.
വാർഷിക വരിസംഖ്യ 100 രൂപ (ഇന്ത്യ),
25 ഡോളർ (യു. എസ്. എ), 500 രൂപ (ഗൾഫ്)
**Per copy: Rs.10/-**
വിദേശരാജ്യങ്ങളിലേക്കുള്ള തപാൽ ചാർജ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ വരിക്കാർ വരിസംഖ്യയും സംഭാവനകളും അയച്ചുതന്ന് സഹകരിക്കുമല്ലോ

വാർത്തകൾ, രചനകൾ, കത്തുകൾ, വരിസംഖ്യ, വിലാസമാറ്റം,
എന്നിവ അയയ്ക്കേണ്ട വിലാസം
M.V. BABU, NIYOGAM, KALLISSERY
P.O, KERALA - 689 124
PH:0479-2426084, 9447124260
E-mail: niyogampatram@gmail.com

മാസിക ആവശ്യമുള്ളവർ
E-mail ചെയ്യുക

# ആദരവ് ഈ ആയുസ്സിലും ആകാം...

സി.റ്റി. ജോണിക്കുട്ടി

ആദരിക്കുന്നതിന്റെ പ്രകടഭാവമാണ് അംഗീകരിക്കൽ. അവഗണനയോളം വലിയ ശിക്ഷയും ഇല്ല. പ്രകൃതിയുടെ നിലനില്പ് അന്യോന്യമുള്ള അംഗീകരിക്കലിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. വൃക്ഷങ്ങളും സസ്യങ്ങളും ഋതുക്കളും രാവും പകലും എല്ലാം പരസ്പരം ബഹുമാനിക്കുന്നു. സൂര്യരശ്മികൾ കിഴക്കേ ചക്രവാളത്തിൽ പ്രത്യക്ഷമാകുന്നതോടെ അംഗീകാരത്തിന്റെ മുദ്രയെന്നോണം ചന്ദ്രിക ശോഭ ഒഴിവാക്കി രംഗം വിടുന്നു. രാവിന് ചന്ദ്രികയും പകലിന് സൂര്യശോഭയും അന്യോന്യമുള്ള ധാരണയിലെ അംഗീകാരമാണ്.

മനുഷ്യർ അന്യോന്യം അംഗീകരിക്കുന്നിടത്തേ സമാധാനവും ശാന്തതയും വളരുന്നുള്ളൂ. ഹാബേലിനെ അംഗീകരിക്കുവാൻ കഴിയാതെ പോയ കയീൻ കൊലപാതകനായി മാറുന്നു. ദൈവാരാധനയിലെ അസംതൃപ്തിയും ദൈവപ്രസാദം ലഭിക്കാതെ പോയതിലുള്ള അസ്വസ്ഥതയും സഹോദരനെ അവഗണിക്കുവാനും കൊല്ലുവാനും വരെ ഒരുവനെ പ്രേരിപ്പിക്കുന്ന ചരിത്രമാണ് കയീന്റേത്.

ഇന്ന് ലോകം ഏറെ വളർന്നിരിക്കുന്നു; മനുഷ്യരും. സ്വന്തം സാമ്രാജ്യങ്ങൾ കെട്ടി ഉയർത്തുന്നതിനും നിലനിർത്തുന്നതിനും ഏതു കാലത്തെക്കാളും മത്സരങ്ങൾ നിലനിൽക്കുന്നു. രാഷ്ട്രീയരംഗത്തും മതമണ്ഡലങ്ങളിലും ആത്മീകമേഖലയിൽപോലും വളരെ ദയനീയ ചിത്രങ്ങളാണ് ദിനംതോറും കണ്ടുകൊണ്ടിരിക്കുന്നത്.

ശരീരത്തിൽ തന്നെയും ആന്തരീകവും ബാഹ്യവുമായ അവയവങ്ങൾ അന്യോന്യം വിധേയപ്പെട്ടും ശിരസിന്റെ ആജ്ഞ അനുസരിച്ചും പ്രവർത്തിക്കുന്നു. ഈ അംഗീകരിക്കലും അനുസരണവും തുടരുംകാലത്തോളം ആരോഗ്യപരമായിരിക്കും ശരീരത്തിന്റെ പ്രവർത്തനങ്ങൾ. അവയുടെ താളം ക്രമരഹിതമാകുന്നതോടെ ജീവചക്രത്തിനും തീ പിടിക്കുമെന്നുള്ളത് ചരിത്രത്തിന്റെ ഭാഗമാണ്. മൂലകങ്ങളുടെ കാര്യവും അങ്ങനെ തന്നെ. രക്തത്തിലെ അണുക്കളിൽ ഏറ്റക്കുറച്ചിലുകൾ സംഭവിച്ചാൽ അത് രോഗാതുരമായ ഒരു അവസ്ഥ സമ്മാനിക്കും.

ജോസ് പ്രകാശ് എന്ന നടന്റെ നിര്യാണവാർത്തയും ലോകം കേട്ടറിഞ്ഞു. ഒരു ആയുസ്സ് മുഴുവനും നാടകത്തിനും സിനിമയ്ക്കും വേണ്ടി ഉഴിഞ്ഞു വച്ച ഒരു കലാകാരനായിരുന്നു അദ്ദേഹം. അര നൂറ്റാണ്ടിലധികം വെള്ളിത്തിരയിൽ തിളങ്ങി നിന്ന വ്യക്തിത്വം. ചെറുതും വലുതുമായ ഒട്ടേറെ കഥാപാത്രങ്ങൾക്ക് ജീവൻ പകർന്ന ജോസ് പ്രകാശിനെ ഏറ്റവും വലിയ അംഗീകാരമായ ദാനിയേൽ പുരസ്കാരത്തിനായി തിരഞ്ഞെടുത്തുവെങ്കിലും വൈകിവന്ന ഈ അംഗീകാരം കൈപ്പറ്റുവാൻ നിൽക്കാതെ അദ്ദേഹം രംഗംവിട്ടുപോയി. ഇത് ഖേദകരമായിപ്പോയി. നിർഭാഗ്യമെന്ന് പറയട്ടെ. എല്ലാവരെയും ആദരിക്കുവാൻ തിടുക്കം കാട്ടുന്ന കലാലോകം ജോസ് പ്രകാശിനെ അവഗണനയുടെ ത്യാജ്യകോടിയിലേക്ക് വലിച്ചെറിഞ്ഞു. ഇത് ഖേദകരമായി.

രാഷ്ട്രീയ നേതാക്കന്മാരുടെ ഒത്താശകളിലൂടെയും വലിയ തുക കൈക്കൂലി നൽകിയും ഒക്കെ സാധിച്ചെടുക്കുന്ന ആദരവും അംഗീകാരവും ജനത്തിന് മനസ്സിലാവുക തന്നെ ചെയ്യും. പുച്ഛത്തോടെയേ ലോകം അതിനെ നോക്കി കാണുന്നുള്ളൂ. നവാഗതർപോലും ക്ഷമയില്ലാതെ ആദരവിനു പിന്നാലെ പരക്കം പായുന്ന കാഴ്ച ദയനീയം.

അനർഹരായവർ ശുശ്രൂഷാരംഗം കയ്യടക്കുന്നത് ആത്മീകരംഗത്തും പതിവ് കാഴ്ചയാണ്. അധികനാൾ അവർക്ക് പിടിച്ചുനിൽക്കാനാവില്ല. അടുത്തയിടെ കൺവൻഷൻ പ്രസംഗകരുടെ തെരഞ്ഞെടുപ്പ് വേദിയിൽ നടന്ന നാമനിർദ്ദേശങ്ങൾ കേട്ട് മൂക്കത്ത് വിരൽ വച്ചുപോയി. യാതൊരു വൈദഗ്ദ്ധ്യവും ശുശ്രൂഷാരംഗത്ത് കാട്ടാൻ കഴിയാത്തവർപോലും സ്വന്തക്കാരായിപ്പോയി എന്ന ഏക കാരണത്താൽ ലിസ്റ്റിൽ ഇടം കണ്ടെത്തുകയായി. അവരുടെ മുന്നിൽ മണിക്കൂറുകൾ കുത്തിയിരുന്നു ക്ഷമ കാട്ടേണ്ടി വരികയാണ് സാധാരണ ജനത്തിന്. സ്വന്തവും ബന്ധവുമാണോ കൃപയുടെയും ശുശ്രൂഷാ പരിജ്ഞാനത്തിന്റെയും സ്ഥാനം അലങ്കരിക്കേണ്ടത്?

ആത്മീകരെയും അർഹതപ്പെട്ടവരെയും യാതൊരു കാരണവശാലും അവഗണിക്കുവാൻ പാടില്ല. ആശയപരമായി ചില ധാരണപിശകുകൾ മൂലം അവഗണിക്കപ്പെടുന്നവർ നമ്മുടെ സമൂഹത്തിന്റെ മൂല്യശോഷണമാണ് വെളിപ്പെടുത്തുന്നത്. ദൈവസഭ എന്നും ദൈവരാജ്യമെന്നും ദൈവവേലയെന്നും ഒടുവിലത്തെ വിധികർത്താവ് ദൈവമെന്നും തിരിച്ചറിഞ്ഞവർ ദൈവമഹത്വത്തിനുവേണ്ടി നിലകൊള്ളേണ്ടതാണ്.

ഒരായുസുകൊണ്ട് യേശു ചെയ്തത് അർഹതപ്പെട്ടവരെ മുഴുവനും ആദരിക്കയായിരുന്നു. ശിശുക്കളെ, ഭരണകർത്താക്കളെ, സൗഖ്യത്തിനായ് എത്തിയവരെ തുടങ്ങി ഏവരെയും. കാൽവറിയിലെ ഒടുവിലത്തെ മണിക്കൂറിലും സ്വന്തം മാതാവിനെ ആദരിക്കയും യോഗ്യനായ ഒരു ശിഷ്യനെ അമ്മയുടെ സംരക്ഷണചുമതല ഏൽപിച്ച് പുതിയ ഒരു കാഴ്ചപ്പാട് ഈ രംഗത്ത് യേശു സമ്മാനിക്കുന്നു.

പത്രോസും പൗലോസും തമ്മിൽ ഒരിക്കലെങ്കിലും ഉഗ്രവാദമുണ്ടായതായി സഭാചരിത്രം പറയുന്നുണ്ട്. ദർശനങ്ങളിൽ വന്ന വീഴ്ചയുടെ അടിസ്ഥാനത്തിലായിരുന്നു. അവർ വഴി പിരിയുകയുണ്ടായില്ല. അപരന് ആരും ഭീഷണിയായില്ല. ആദരിക്കേണ്ട രംഗങ്ങളിൽ അവർ കലവറ കൂടാതെ അത് ചെയ്തു. പത്രോസിന്റെ രചനകളിൽ പൗലോസിന്റെ വലിയ മികവ് ആദരവായി താൻ ചൂണ്ടിക്കാട്ടുന്നുണ്ട്. പരിമിതികളുടെ നടുവിൽ നിൽക്കുമ്പോഴും മറ്റുള്ളവരെ അവരുടെ ശുശ്രൂഷ നിമിത്തം ആദരിക്കുന്നത് ഒരു ദൈവീകസ്വഭാവമായി നാം കരുതണം. •

## ബൈബിൾ ലിറ്ററേച്ചർ ഫോറത്തിന്റെ പത്താമതു വാർഷികയോഗം

ഹൂസ്റ്റൺ : ബൈബിൾ ലിറ്ററേച്ചർ ഫോറത്തിന്റെ പത്താമതു വാർഷികയോഗവും അവാർഡുദാനങ്ങളും ഏപ്രിൽ മാസം 21-ാം തീയതി ഹൂസ്റ്റണിലുള്ള കൊളോണിയൽ ഹിൽസ് ബൈബിൾ ചാപ്പലിൽ വച്ചു നടക്കുന്നതാണ്. കാനഡായിൽ നിന്നും അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള ബൈബിൾ സാഹിത്യകാരന്മാർ ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നു. സമ്മേളനത്തോടനുബന്ധിച്ചു നടക്കുന്ന ചടങ്ങിൽ ഗദ്യ കവിത സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരിൽ നിന്നും തിരഞ്ഞെടുത്ത ചില വ്യക്തികൾക്ക് അവാർഡു നൽകുന്നതാണ്. ജോർജ്ജ് മാത്യു ടൊറാന്റോ മുഖ്യ പ്രസംഗകനാണ്. വി. ജെ. മാത്യു, ന്യൂയോർക്ക്, ജോർജ്ജ് കുര്യൻ, ഡാളസ് എന്നിവർ പ്രത്യേക ക്ഷണിതാക്കളായി ഈ യോഗത്തിൽ സംബന്ധിക്കുന്നു. ബൈബിൾ സാഹിത്യത്തിൽ ഏർപ്പെടുന്നവരെ പ്രോത്സാഹിപ്പിക്കുന്ന ഒരു വേദിയാണിത്. എല്ലാ ബൈബിൾ സാഹിത്യകാരന്മാരെയും ആസ്വാദകരെയും ഈ സമ്മേളനത്തിനലേക്കു സാദരം ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്കു ഡോ. സണ്ണി എഴുമറ്റൂർ, പ്രസിഡന്റ്, 281-430-4006, അഡ്വ. മാത്യു വൈരമൺ, സെക്രട്ടറി, 281-875-1308 എന്നിവരുമായി ഫോണിൽ ബന്ധപ്പെടുക. *അഡ്വ. മാത്യു വൈരമൺ (സെക്രട്ടറി)*

## സുവിശേഷ ക്യാമ്പ് തൃപ്പരപ്പ് കന്യാകുമാരി

തൃപ്പരപ്പ് : (കന്യാകുമാരി) തൃപ്പരപ്പ് സഭയുടെ ചുമതലയിലും നിലക്കോട്ട എബനേസർ ഗോസ്പൽ ടീമിന്റെ സഹകരണത്തിലും 2012 മാർച്ച് 12, 13 (തിങ്കൾ, ചൊവ്വ) തീയതികളിൽ സുവിശേഷക്യാമ്പും സുവിശേഷയോഗങ്ങളും നടന്നു. ഭവനസന്ദർശനം, സ്നാനശുശ്രൂഷ, ബൈബിൾ ക്ലാസ്സ്, രാത്രിയോഗങ്ങൾ എന്നീ ശുശ്രൂഷകൾ നടന്നു. സുവി. എബനേസർ-പ്ലാത്തിക്കുളം, സുവി. എ. ബെൽത്തെസ്സൻ, എന്നിവർ വചനം ശുശ്രൂഷിച്ചു. ബ്രദർ തോമസ് കുര്യൻ-പേരൂർക്കട സ്നാനശുശ്രൂഷയും സുവി. ഈട്ടിക്കൽ കുഞ്ഞുമോൻ, കൊട്ടാരക്കര ബൈബിൾ ക്ലാസ്സും ബ്രദർ രാജു ജോർജ്ജ് എഴുമറ്റൂർ, സുവി. എസ്. കനകരാജ് പ്രാഗൾ, എന്നിവർ സംഗീതശുശ്രൂഷയും നിർവ്വഹിച്ചു. കേരളത്തിലും തമിഴ്നാട്ടിൽ നിന്നുമുള്ള 30-ഓളം സുവിശേഷകന്മാർ ശുശ്രൂഷകളിൽ സംബന്ധിച്ചു. പുതിയ പ്രവർത്തനസ്ഥലമായ ഇവിടെ ചെറിയ ഒരു സ്ഥലം സഭയുമുണ്ട്. സഭയ്ക്ക് സ്ഥലവും സഭാഹാളും ഉണ്ടാകേണ്ടിയിരിക്കുന്നു. സ്ഥലം സഭയുടെ ആത്മീക അഭിവൃദ്ധിക്കും ഉന്നമനത്തിനും വേണ്ടി ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു. സഭയ്ക്കുവേണ്ടി : Evg. G. Michle Joseph Jebaraj, C/o. Narayan, Muttathu Villa (H), Thirparappu




## പുസ്തക പ്രകാശനം

സുവി. ഡേവിഡ് പി. ഐസക് (രാജ്കോട്ട്) രചിച്ച **സുവിശേഷം ഗാന്ധിജിയുടെ നാട്ടിൽ** എന്ന പുസ്തകത്തിന്റെ പ്രകാശനം 23.2.2012 വ്യാഴം കോട്ടയം ബ്രദറൺ സഭാഹാളിൽ വെച്ച് കെ.ഇ.എം. ഫണ്ട് സെക്രട്ടറി ബ്രദർ തോമസ് ചാണ്ടി ആദ്യകോപ്പി ബ്രദർ കെ.വി. സാമുവേൽ പെരുമ്പാവൂരിന് നൽകി പ്രകാശനം നടത്തി.

ശ്രീ. കുഞ്ഞുമോൻ തോട്ടപ്പള്ളി അദ്ധ്യക്ഷനായിരുന്നു. സി.റ്റി. ജോണിക്കുട്ടി ഷാജൻ പി.സി., സാം വെള്ളൂർ, റോയി മീൻപാറ, മോഹനൻ പറുതാൻ, ഐസക്ക് ഏബ്രഹാം തുടങ്ങിയവർ ശുശ്രൂഷകളിൽ സഹകരിച്ചു. പുസ്തകംലഭിക്കേണ്ട വിലാസം: David P. Issac, PB-1026, Rajkot, 360003, Gujarat, Ph: 0922 852 1344

# ദീപശിഖയേന്തിയവർ

സി.വി. ഉമ്മൻ, മഴുക്കീർ

കേരള ക്രൈസ്തവ സമൂഹത്തിൽ ഉണ്ടായ സൂക്ഷ്മമായ നവീകരണത്തിന്റെ ഫലമാണ് ബ്രദറൺ സമൂഹം. ആദ്യകാല പിതാക്കന്മാരുടെ ഇടയിൽ അറിയപ്പെട്ടിരുന്ന തികഞ്ഞ ക്രിസ്തുഭക്തനായിരുന്നു ചാങ്ങയിൽ ഉമ്മൻ സാർ. ഒരു സർക്കാർ സ്കൂൾ അദ്ധ്യാപകനായി സേവനം ആരംഭിച്ച ഉമ്മൻസാർ ഒരു വേദപണ്ഡിതനും ഉപദേഷ്ടാവും ആയിരുന്നു.



മദ്ധ്യതിരുവിതാംകൂറിലെ പ്രസിദ്ധമായ കല്ലിശ്ശേരിയിൽ മണലേത്ത് എന്ന ഒരു ഓർത്തഡോക്സ് കുടുംബത്തിൽ 1894 ജൂലൈയിൽ അദ്ദേഹം ജനിച്ചു. ചെറുപ്പം മുതലെ ആത്മീക പ്രബുദ്ധത തന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. അതുകൊണ്ട് തിരുവചനം വായിക്കുവാനും, വിദേശമിഷണറിമാരുടെ പ്രസംഗങ്ങൾ കേൾക്കുവാനും അതീവ തല്പരനായിരുന്നു. പട്ടത്വ കർമ്മാചാരങ്ങൾ ഇവ വചനാടിസ്ഥാനമല്ല; ഒരു വ്യക്തി പാപമോചനം പ്രാപിക്കണമെങ്കിൽ വ്യക്തിപരമായ പാപങ്ങളെ ഏറ്റുപറഞ്ഞ് യേശുക്രിസ്തുവിൽ വിശ്വസിക്കണം എന്ന് അദ്ദേഹം മനസ്സിലാക്കി. 1088 മകരമാസത്തിൽ 19-ാം വയസിൽ ആഴമായ പാപബോധം ഉണ്ടാകയും രക്ഷാനിർണ്ണയം പ്രാപിക്കയും, വചനാടിസ്ഥാനത്തിലുള്ള സ്നാനം വിശ്വാസസ്നാനം ആണെന്ന് മനസിലാക്കി എ. ഡി. ഖാൻ എന്ന പ്രസിദ്ധ മിഷണറിയുടെ കൈക്കീഴിൽ സ്നാനം ഏൽക്കയും ചെയ്തു. പ്രസിദ്ധ മിഷണറിമാരായിരുന്ന ഹാൻലി ബേർഡ് തമിൾ ഡേവിഡ് തുടങ്ങിയവരുടെ പ്രസംഗങ്ങൾ കേൾക്കുവാനും വചനം പഠിക്കുവാനും അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു.

എഴാം ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ മഴുക്കീറിൽ പുത്തോത്ര കുടുംബത്തിലെ ശോശാമ്മയെ വിവാഹം ചെയ്തു. മുഴു അദ്ധ്യാപകനായി സേവനം അനുഷ്ഠിക്കുമ്പോൾ തന്നെ സുവിശേഷപ്രവർത്തനങ്ങളിൽ അതീവ തല്പരനായിരുന്നു. മഹാകവി കെ. വി. സൈമണുമായുള്ള ബന്ധം സുവിശേഷപ്രചരണത്തിലും വചനപഠനത്തിലും തന്നെ ഏറെ സഹായിച്ചു. സൈമൺ സാറിന്റെ വിയോജിത പ്രസ്ഥാനത്തിൽ ആകൃഷ്ടനായി. 1910 കാലഘട്ടത്തിൽ മഴുക്കീറിൽ സൈമൺ സാറിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാകൂടിവരവ് നടന്നു വന്നിരുന്നു. മഴുക്കീറിലെ ആദ്യകാല വിശ്വാസികളായ സഹോദരിമാർ ഈ കൂടിവരവിൽ പങ്കുകൊണ്ടിരുന്നു എന്നാൽ മഴുക്കീറിലെ കുടുംബങ്ങൾ അന്ന് കല്ലിശ്ശേരിയിലാണ് സഭാ കൂടിവരവിന് പൊയ്ക്കൊണ്ടിരുന്നത്.

ഉമ്മൻ സാർ സൺഡേസ്കൂൾ ഹെഡ്മാസ്റ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഏറെ വർഷങ്ങൾ കല്ലിശ്ശേരിയിലും മൈലപ്രയിലും ബൈബിൾ ക്ലാസ്സുകൾ എടുത്തിട്ടുണ്ട്. 1919-ൽ ആരംഭിച്ച വിയോജിതൻ മാസികകൾ ഒരു കാലഘട്ടത്തിൽ തന്റെ ലേഖനങ്ങൾ കൊണ്ട് സമ്പുഷ്ടമായിരുന്നു. 1951 ഫെബ്രുവരി 22ന് കർത്താവിന്റെ വിലയേറിയ ദാസൻ താൻ ഏറെ പ്രിയം വച്ച കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു.

ഉമ്മൻസാറിന്റെ ഇളയമകൻ സി. ഒ. സാം സംക്ഷിപ്ത അനുസ്മരണം എന്ന പേരിൽ രചിച്ച ലഘുഗ്രന്ഥത്തിൽ തന്റെ പിതാവിന്റെ സംക്ഷിപ്ത ജീവചരിത്രവും ലേഖനസമാഹാരവും ചേർത്തിട്ടുണ്ട്)

# ക്രിസ്തുവിന്റെ ക്രൂശു മറയ്ക്കപ്പെടുന്നുവോ?



എസ്. സഞ്ജീവി,
കൂത്താട്ടുകുളം

"എന്നെ കാണാനാണ് നിങ്ങളിൽ പലരും ഇവിടെ വന്നിരിക്കുന്നത് എന്നെനിക്കറിയാം; ഞാൻ മതം മാറിയതാണോ എന്നു നിങ്ങൾക്കറിയണം. അല്ല...." ഒരു കൺവൻഷൻ സ്റ്റേജിൽ നിന്നും മുഴങ്ങിക്കേട്ട ദിവ്യവചനമാണിത്.

നമ്മുടെ സ്റ്റേജ് പ്രസംഗകരിൽ പലർക്കും എന്തുപറ്റിയെന്ന ചോദ്യം രഹസ്യമായും പരസ്യമായും ഉയരുന്നത് ആശാവഹമായ ഒന്നല്ല.

യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കപ്പെടണം. പാപത്തെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും അറിയിക്കണം. ചിലരെങ്കിലും സത്യസുവിശേഷം കേട്ടു മാനസാന്തരപ്പെടണം, രക്ഷിക്കപ്പെടണം. ഈ വിധ ചിന്തയോടെ ചെറുതും വലുതുമായ സ്ഥലം സഭകളിലെ സാധുക്കളായ ദൈവമക്കൾ തങ്ങളുടെ അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും ഫലം നീക്കി വെച്ചു ക്രൂസേഡുകളും യോഗങ്ങളും സംഘടിപ്പിച്ചു, വർഷം മുമ്പേ തന്നെ പ്രസിദ്ധരായ പ്രസംഗകർക്കായി നെട്ടോട്ടമോടുന്നു; ബുക്കു ചെയ്തു പ്രാർത്ഥനയും മറ്റു ക്രമീകരണങ്ങളും ചെയ്യുന്നു. വീടുകൾ കയറിയും നോട്ടീസു വിതരണം ചെയ്തും കുറെയെങ്കിലും ശ്രോതാക്കളെ സ്റ്റേജിനു മുമ്പിൽ കൂട്ടുന്നു. ആളുകൾ കുറഞ്ഞുപോയാൽ ചില പ്രസംഗകർ സ്റ്റേജിൽത്തന്നെ വഴക്കുപറയും.

ഇനിയും പ്രസംഗകരുടെ ഊഴമാണ്. സ്റ്റേജിൽ കയറിയാൽ പിന്നെ എന്തു വിളിച്ചു പറയണമെന്ന് ഒരു നിശ്ചയവുമില്ല. മറ്റു മതങ്ങൾ സമുദായങ്ങൾ, രാഷ്ട്രീയം തുടങ്ങി വിഷയബഹുലത കാരണം സുവിശേഷം എന്ന കാതലായ സത്യം അല്പം മാത്രം. യേശു മരിച്ചു ഉയിർത്തെഴുന്നേറ്റു എന്നും അവനിൽ വിശ്വസിക്കണം എന്നു പറഞ്ഞാലും സുവിശേഷമായല്ലോ? പറഞ്ഞാലായി.



പ്രസംഗശേഷം തങ്ങൾ പോകും. എന്നാൽ പ്രാദേശിക സഭകളിലെ വിശ്വാസികൾക്കോ, അവിടെ പ്രവർത്തിക്കുന്ന സുവിശേഷകന്മാർക്കോ പിന്നീടു അവിടെ തുടരേണ്ടതാണെന്നുള്ള ചിന്ത ലവലേശം ഇല്ല. ഇതു എല്ലാവരുടെയുമല്ല, ചിലരുടെയെങ്കിലും കാര്യമാണ്.

ഇലക്ഷൻ നടക്കുന്ന ഒരു മണ്ഡലത്തിൽ നടന്ന ഒരു യോഗത്തിൽ പ്രസിദ്ധനായ ഒരു പ്രസംഗകൻ വിളിച്ചു പറഞ്ഞതിങ്ങനെ, "ഈ ഇലക്ഷനിൽ – ആൾ വിജയിക്കും. സംശയം വേണ്ട. ദൈവദാസൻ പ്രവചിച്ചു പറയുകയാണ്". സുവിശേഷത്തിൽ മതമോ സമുദായമോ രാഷ്ട്രീയമോ ഒന്നും വരില്ലെങ്കിലും നാലുപേരെ മുമ്പിൽ കിട്ടിയാൽ മതിമറക്കയും എന്തും വിളിച്ചു പറയാമെന്നുമുള്ള സ്ഥിതി അപകടകരമാണ്. കുറച്ചു ആത്മീയ ആവേശക്കാരായ സഭക്കാർ മുമ്പിൽ ഉണ്ടെങ്കിൽപ്പിന്നെ ചരടുപൊട്ടിയ പട്ടം പോലെയായി. കല്ലിനുമുണ്ടാം സൗരഭ്യം എന്നതു പഴമൊഴി.

അപ്പോസ്തലനായ പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക. "സ്നാനം കഴിപ്പിപ്പാൻ അല്ല (ഞാൻ 350 നടത്തി എന്നു പറയുന്നവർ ഇതു കണ്ടിട്ടില്ലെ) സുവിശേഷം അറിയിപ്പാനത്രെ ക്രിസ്തു എന്നെ അയച്ചത്; ക്രിസ്തുവിന്റെ ക്രൂശു വ്യർത്ഥമാകാതിരിക്കേണ്ടതിനു വാക്ചാതുര്യത്തോടെ അല്ല താനും" (1 കൊരി. 1:17). മനുഷ്യവർഗ്ഗത്തിനു വേണ്ടി ജനിച്ചു മരിച്ചു ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവാണ് സുവിശേഷം. അതു വാചകക്കസർത്തിൽ മുങ്ങിപ്പോകരുതെന്നു തനിക്കു നിർബന്ധമുണ്ടായിരുന്നു.

ഇന്നത്തെ പല പ്രസംഗകർക്കും സ്റ്റേജു കിട്ടണം, ജനത്തിന്റെ കയ്യടി കിട്ടണം എന്നതാണ് ലക്ഷ്യം എന്നു തോന്നിയാൽ കുറ്റം പറയാനാകില്ല. അടുത്തയിടെ ഒരു പ്രസംഗകൻ പകരം വരാൻ ഞാനില്ല എന്നു പറഞ്ഞതായി അറിഞ്ഞു. ബ്രദറൺ സമൂഹത്തിലെ മൂന്നാമനാണെന്നുവരെ ധരിച്ചുവശായിരിക്കുന്നു. "നിന്റെ വായല്ല മറ്റൊരുത്തൻ, നിന്റെ അധരമല്ല വേറൊരുത്തൻ നിന്നെ സ്തുതിക്കട്ടെ എന്ന വചനം മറന്നുപോയതാകാം.

സുവിശേഷദൂതുവാഹികളായ സഹപ്രവർത്തകരെ, നാം ക്രിസ്തുവിനു പകരക്കാരാണ്. അവിടുന്നു എന്തു പറയുമോ എങ്ങനെ പറയുമോ അതിനു മാത്രമേ നമുക്കും അനുവാദമുള്ളൂ. ദൈവം നൽകുന്ന ആലോചന മാത്രം അറിയിക്കുക. അതിൽ നമ്മുടെ വാചകക്കസർത്തില്ലെങ്കിലും ആത്മാക്കൾ രക്ഷിക്കപ്പെടാം. വിഖ്യാതനായിരുന്ന ജോർജ്ജ് വൈറ്റ് ഫീൽഡ് എന്ന പ്രസംഗകൻ യേശുക്രിസ്തു നിന്നെ സ്നേഹിക്കുന്നു എന്ന വാചകം പല തവണ കേട്ടതിലൂടെ കർത്താവിൽ വിശ്വസിച്ച ആളാണെന്നു കേട്ടിട്ടുണ്ട്. തന്റെ പ്രസംഗവും അതായിരുന്നു. അസാന്മാർഗ്ഗികജീവിതം ചെയ്തു ആത്മഹത്യയ്ക്കു തയ്യാറായിരുന്ന രണ്ടു സ്ത്രീകൾ തന്റെ ദൈവസ്നേഹത്തെക്കുറിച്ചുള്ള പ്രസംഗം കേട്ടു രക്ഷിക്കപ്പെട്ടതായി തന്നെക്കുറിച്ചുള്ള ജീവചരിത്രത്തിലുണ്ട്.

സുവിശേഷപ്രസംഗം ലോകത്തിലെ ഏറ്റവും വലിയ പ്രസംഗമാണ്. ക്രിസ്തുയേശുവിലൂടെയുള്ള ദൈവസ്നേഹവും പാപമോചനവുമാണ് അതിലെ വിഷയം. അതുകൊണ്ട് സുവിശേഷപ്രസംഗം ലാഘവത്തോടെ ചെയ്യുവാൻ പാടില്ല. വിലകുറഞ്ഞ തമാശകളും അസംഭവ്യമായ ഉദാഹരണങ്ങളും വ്യാഖ്യാനാവശ്യമായി വരുന്ന ഭാഷാപ്രയോഗങ്ങളും ഒന്നും വേണ്ടഫലം ഉളവാക്കില്ല എന്നു തിരിച്ചറിയുക. നല്ല മാർക്കല്ല, നല്ല ഫലമായിരിക്കട്ടെ നമ്മുടെ പ്രതീക്ഷ. കൂടുതൽ സ്റ്റേജല്ല ആത്മഭാരമായിരിക്കട്ടെ നമ്മെ ഭരിക്കുന്നത്; നയിക്കുന്നത്. "അവൻ വളരേണം, ഞാനോ കുറയേണം" എന്ന യോഹന്നാന്റെ മനോഭാവം നമ്മിൽ ഉണ്ടായാൽ കർത്താവു നമ്മെ കൂടുതൽ ഉപയോഗിക്കും. ഫലവും തീർച്ചയാണ്.

●

പഴയപുറം

# പൗലോസ്പ്പോസ്തലനും ആധുനിക സുവിശേഷകന്മാരും

സി. വി. ഉമ്മൻ: മഴുക്കീർ,വിയോജിതൻ, ലക്കം 5,6 – 1924

ക്രൈസ്തവലോകം വിവിധ പരിവർത്തനങ്ങളിൽ കൂടി പത്തൊൻപതു ശതാബ്ദങ്ങളെ തള്ളിനീക്കി ഈ ഇരുപതാം നൂറ്റാണ്ടിലേക്കു കടന്നിരിക്കുന്നു. പ്രാരംഭ സുവിശേഷകന്മാരായ വിശുദ്ധ അപ്പോസ്തലന്മാരുടെ കാലം കഴിഞ്ഞുപോയെങ്കിലും അവരുടെ ശക്തിമത്തായ പ്രവൃത്തികൾ നടന്ന ഒന്നാം നൂറ്റാണ്ടിൽ തന്നെയും ആകാത്ത വേലക്കാർ, കള്ളയപ്പോസ്തലന്മാർ, ദുരുപദേഷ്ടാക്കൾ ഇവർ സത്യസഭയ്ക്കും ക്രിസ്തോപദേശത്തിനും വിപരീതമായി പ്രവർത്തിച്ചു വന്നു. അപ്പോസ്തലന്മാരുടെ കാലശേഷവും ഇവരുടെ ശക്തി വർദ്ധിച്ചു വരികയാണുണ്ടായത്. അതിന്റെ പരമകാഷ്ടയോ എന്നു തോന്നുംവണ്ണം ആധുനിക കാലത്തു പ്രയോജനമില്ലാത്ത വേലക്കാരുടെ സംഖ്യ ഗണനാതീതമായിത്തീർന്നിരിക്കുന്നു. എങ്കിലും ഇതിനിടയിൽ സത്യസുവിശേഷകന്മാർ അങ്ങുമിങ്ങുമായി നിന്ന് എല്ലാ വിഗ്രഹങ്ങളേയും, വിഗ്രഹക്കാവുകളേയും, വ്യാജാരാധനക്കാരേയും തല്ലിത്തകർത്തുകൊണ്ട് സധൈര്യം പോരാടുന്നുണ്ട്. ഈ രണ്ടു വിധ പ്രവർത്തകരെയും തിരിച്ചറിയുന്നതിലേക്കായി സുവിശേഷകന്മാർക്ക് ഒരുത്തമമാതൃകയായിരിക്കുന്ന വിശുദ്ധ പൗലോസിനെ ആദർശമാക്കിക്കൊണ്ടു താരതമ്യ വിവേചനം ചെയ്തു പ്രയോജനമുള്ള വേലക്കാർ ആരെന്നു ചൂണ്ടിക്കാണിക്കണമെന്നുള്ളതത്രേ ഈ ലേഖനത്തിന്റെ ഉദ്ദേശ്യമെന്നുള്ളതു ആദ്യമായി വായനക്കാരെ ധരിപ്പിച്ചുകൊള്ളുന്നു.

സത്യപ്രസ്താവനയ്ക്കു ഭാവിക്കുമ്പോൾ പ്രമാണത്തിൽ നിന്നും തദനുസരണമായ അനുഭവത്തിൽ നിന്നും അനേക മൈൽ ദൂരസ്ഥിതി ചെയ്യുന്നവരായ എതിർവാദികൾ അക്ഷരമായേക്കാമെന്നുള്ളത് അറിയാമെങ്കിലും, സത്യസ്ഥാപനയ്ക്കുവേണ്ടി മുഖപക്ഷം നോക്കാതെ പരമാർത്ഥം പറയേണ്ടത് ആവശ്യമാണല്ലോ.

**(1) വേലയ്ക്കായുള്ള വിളി:-** യൗവ്വനയുക്തനായ ഒരു ധീരപുരുഷൻ ഏതാനും അനുചരന്മാരോടുകൂടി ധൃതിയായി യാത്ര ചെയ്യുന്നു. പ്രകൃത്യാ ശാന്തനെങ്കിലും ഇപ്പോൾ മതവൈരാഗ്യതിമിരത്താൽ അന്ധനായി കോപാവേശത്താൽ ഉന്മത്തനായിരിക്കുന്നു. സമയം മദ്ധ്യാഹ്നമാകാറായി. എങ്കിലും വെയിലിന്റെ ശക്തിയെ അശേഷം ഗണ്യമാക്കിയിട്ടില്ല. ഇപ്രകാരം സഗൗരവം പ്രയാണം ചെയ്തവനായ ശൗൽ ദമസ്ക്കോസിനടുത്തപ്പോൾ, പെട്ടെന്നു ഭയാനകമായ ഒരു ദിവ്യതേജസ്സാൽ ആവൃതനായതും, അന്ധനായി നിലത്തുപതിച്ചതും ഒന്നിച്ചു കഴിഞ്ഞു. തദവസരത്തിൽ കേട്ട ശബ്ദം ശൗലേ! ശൗലേ എന്നുള്ള വിളിയായിരുന്നു. ഈ വിളിയത്രേ ശൗലിനെ പൗലോസാക്കിയത്. ഇതത്രെ ന്യായപ്രമാണ ബന്ധനത്തിൽ നിന്ന് അവനെ ക്രിസ്തീയ സ്വതന്ത്രനാക്കിയത്. ഇതത്രെ സുവിശേഷഘാതകൻ എന്നുള്ള നിലയിൽ നിന്നും സുവിശേഷവാഹകൻ എന്ന സ്ഥാനത്ത് അവനെ ശോഭിതനാക്കിയത്. ഒരുവൻ തനിക്ക് അടുത്ത നിമിഷത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാകാൻ പോകുന്നു എന്ന് എങ്ങനെ അറിയും? "അനുധ്യാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ" എന്നല്ലേ ആപ്തവാക്യം.

"നീ ആരാകുന്നു കർത്താവേ!" എന്നുള്ള ശൗലിന്റെ ചോദ്യത്തിനു കിട്ടിയ മറുപടി "നീ ഉപദ്രവിക്കുന്ന യേശുവാകുന്നു ഞാൻ", എന്നായിരുന്നു. ഈ പ്രത്യുക്തിയിൽ അന്തർഭവിച്ചിരിക്കുന്ന സാരസംഗതികൾ അപ്പോസ്തലൻ മനസ്സിലാക്കി. യേശുവിന്റെ വാക്കുകൾക്ക് അഗാധമായ അർത്ഥബാഹുല്യം ഉണ്ടല്ലോ. അതുപോലെ ഈ വാക്കിലും അനേകസാരതത്വങ്ങൾ അടക്കിയിട്ടുണ്ടായിരുന്നു. അനന്യാസിനോടു കർത്താവ് പറഞ്ഞത് "അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും ഇസ്രയേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നോരു പാത്രം ആകുന്നു" എന്നായിരുന്നു. യേശുവിന്റെ ഉദ്ദേശ്യം അനന്യാസിന്റെ അടുക്കൽ പൂർണ്ണമായി വെളിപ്പെടുത്തി. അദ്ദേഹം കാര്യസാരം ശൗലിനെ മനസ്സിലാക്കുകയും, ഉടൻ കാഴ്ച ലഭിച്ചിട്ട് ആ സാധു ശിഷ്യന്റെ കൈയാൽ താൻ നിമജ്ജനം സ്വീകരിക്കുകയും ചെയ്തു. ഈ വിധം ശൗലിന്റെ മാനസാന്തരവും സുവിശേഷകസ്ഥാനത്തേക്കുള്ള വിളിയും ഒരേ സമയത്തു നടന്നു എന്നു നിശ്ചയിക്കാം.

ആധുനികകാലത്തെ സ്ഥിതി നോക്കുന്നതാകയാൽ സുവിശേഷകസ്ഥാന ലബ്ദിക്കു മാനസാന്തരപ്പെടണമെന്നേ ഇല്ല. ഉയർന്ന പരീക്ഷ പാസായാൽ മതി. കുറേയൊക്കെ സന്മാർഗ്ഗവും വേണം. ഹൈസ്കൂളിലോ, കോളേജിലോ കയറിയതുകൊണ്ടു സുവിശേഷകവൃത്തിക്കുള്ള യോഗ്യത എങ്ങനെയുണ്ടാകുമെന്നറിയുന്നില്ല.

ഒരിക്കൽ ഏതാനും ഇടവകകളുടെ മേൽനോട്ടക്കാരനും, ഭാരവാഹിയും ആയ ഒരു ബിരുദധാരിയും ഞാനും ഒന്നിച്ചു വഴിയാത്ര ചെയ്തു പോരുമ്പോൾ, അദ്ദേഹത്തോടു മാനസാന്തരപ്പെട്ടിട്ട് എത്ര വർഷമായി എന്നു ചോദിച്ചു. കുറേനേരത്തേക്കു മറുപടിയൊന്നുമില്ല. വീണ്ടും രൂപം മാറ്റി ചോദിച്ചപ്പോൾ "എന്നോട് ഇങ്ങനെയാരും ഇതുവരെ ചോദിച്ചിട്ടില്ല; അതാണ് ഉത്തരം പറയാൻ താമസിച്ചത്" എന്നു പറഞ്ഞു. ഇത്രയും കേട്ടപ്പോൾ എന്തിനു വിഷമിപ്പിക്കുന്നു എന്നു വിചാരിച്ചു ഞാൻ ചോദ്യം മുന്നോട്ടു തുടർന്നില്ല. പരീക്ഷ പാസായത് ഏതാണ്ടിൽ ആയിരുന്നു എന്നു ചോദിച്ചിരുന്നുവെങ്കിൽ അതേവരെ ആരും ചോദിച്ചിട്ടില്ലെങ്കിലും ഉത്തരം പറവാൻ താമസം നേരിടുമായിരുന്നെന്നു തോന്നുന്നില്ല. പൗലോസ് ആരും ചോദിക്കാതെയല്ലേ വലിയ ജനസമൂഹത്തിൻ മുമ്പാകെയും, നാടുവാഴികൾ, മഹാപുരോഹിതന്മാർ ഇവരുടെ മുമ്പാകെയും നിന്നു കൊണ്ടു പല പ്രാവശ്യവും ആ നട്ടുച്ചയ്ക്കു നടന്ന സംഭവം വിവരിക്കുന്നത്? മറ്റുവല്ല ഉപദേശിമാരുമായിരുന്നെങ്കിൽ എഴുപതെന്നോ എൺപത്തിമൂന്നെന്നോ പറയാതിരിക്കയില്ല. ആ ഭാഗം ഇരിക്കട്ടെ; വേലയ്ക്കായുള്ള വിളിയെ നോക്കാം. വിളിക്കേണ്ടതാര്? പൗലോസ് പറയുന്നതിനേ കേൾക്കുക. എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ച ദൈവം:- ഗലാ. 1:15. മനുഷ്യരിൽ നിന്നല്ല, മനുഷ്യനാലുമല്ല, യേശുക്രിസ്തുവിനാലും അവനെ മരിച്ചവരുടെ ഇടയിൽ നിന്നുയിർപ്പിച്ച പിതാവായ ദൈവത്താലുമത്രെ. അപ്പോസ്തലനായ പൗലോസും ഗലാ. 1:1. നിങ്ങൾക്കുവേണ്ടി ദൈവം എനിക്കു നൽകിയിരിക്കുന്ന ഉദ്യോഗപ്രകാരം ദൈവവചനഘോഷണം നിവർത്തിക്കേണ്ടതിനു ഞാൻ സഭയുടെ ശുശ്രൂഷകനായിരിക്കുന്നു. – കൊലൊ. 1:25 മേൽ പ്രസ്താവിച്ച വാക്യങ്ങളാൽ താൻ ആരാൽ ശുശ്രൂഷകസ്ഥാനത്തേക്കു നിയമിക്കപ്പെട്ടു എന്നും, ആരുടെ ലൈസൻസാണ് തനിക്കുള്ളതെന്നും സ്പഷ്ടമായല്ലൊ.

ഇക്കാലത്ത് ഉപദേശി ക്ലാസ്സിൽ ചേർന്നു പഠിച്ചു പാസ്സായാൽ മേലധികാരികൾ സൗകര്യംപോലെ ഉദ്യോഗം കൊടുത്തുകൊള്ളും. ഉപദേശിമാരുടെ മക്കളെ ഉപദേശിമാരാക്കുന്നതും അസാധാരണയല്ല. ധനസഹായം ഉണ്ടാകുമെന്നറിഞ്ഞാൽ സ്വയം വേലക്കാരായി ചമയുന്ന ഉപദേശിമാരും ഇല്ലാതില്ല. ഇങ്ങനെ വാക്സാമർത്ഥ്യം, പഠിപ്പ്, പരീക്ഷായോഗ്യത, ദ്രവ്യേച്ഛ ഇവയുള്ളവരും, കേവലം മനുഷ്യാരാൽ മാത്രം നിയമിക്കപ്പെടുന്നവരും, ആത്മികജീവനോ ജീവിതവിശുദ്ധിയോ ഇല്ലാത്തവരും, ദൈവശബ്ദമെന്നാൽ എന്താണെന്നു പോലും അറിഞ്ഞിട്ടില്ലാത്തവരും ആയ വേലക്കാരെ സുവിശേഷകന്മാരായി ഗണിപ്പാൻ ലൗകികന്മാർക്കല്ലാതെ ആർക്കു കഴിയും? പൗലോസ് എവിടെ? ആധുനിക സുവിശേഷകന്മാർ എവിടെ?

പൗലോസിനുണ്ടായതുപോലെ ക്രിസ്തുവിന്റെ നേരിട്ടുള്ള വിളി ആധുനികകാലത്ത് അപൂർവ്വമായേ ഉണ്ടാകുന്നുള്ളുവല്ലൊ; ആ സ്ഥിതിക്കു സുവിശേഷം അറിയിപ്പാൻ ആളില്ലാതെ വരുമല്ലൊ, എന്നൊരു സംശയം ചിലർക്കുണ്ടാകാം. ഏതെങ്കിലും മുഖാന്തരങ്ങളാൽ ദൈവവചനം പരിശുദ്ധാത്മ ശക്തിയോടുകൂടി ഉള്ളിൽ ഹോമിക്കയും, അങ്ങനെയുള്ള ആത്മാവിന്റെ നിർബന്ധത്തിനു കീഴ്പ്പെട്ടു തന്നെത്തന്നെ ഏൽപ്പിച്ചു കൊടുക്കയും ചെയ്താൽ ആയതും ദൈവവിളിയായി ഗണിക്കാവുന്നതാണ്. ഈ വിധം ദൈവത്താൽ വിളിക്കപ്പെട്ടവരായി ഇക്കാലത്തുള്ള പല സുവിശേഷകന്മാർക്കു വേണ്ടി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

*തുടരും*

# മുപ്പതു വെള്ളിക്കാശും മുന്നൂറു വെള്ളിക്കാശും പണത്തിന്റെ ഈ വെറും ചെലവ് എന്തിന്?

കുര്യൻ കെ. തോമസ്, കല്ലിശ്ശേരി

കർത്താവായ യേശുക്രിസ്തു തന്റെ മൂന്നര വർഷക്കാലത്തെ പരസ്യ ജീവിതത്തിന്റെ അവസാന നാളുകളിൽ ഒരിക്കൽ "ബെഥന്യയിൽ കുഷ്ഠരോഗിയായ ശീമോന്റെ വീട്ടിൽ ഇരിക്കുമ്പോൾ ഒരു സ്ത്രീ വിലയേറിയ പരിമളതൈലം നിറഞ്ഞ ഒരു വെൺകൽഭരണി എടുത്തും കൊണ്ട് അവന്റെ അടുക്കൽ വന്ന്, അവൻ പന്തിയിൽ ഇരിക്കുമ്പോൾ അത് അവന്റെ തലയിൽ ഒഴിച്ചു. ശിഷ്യന്മാർ അതു കണ്ടിട്ട് മുഷിഞ്ഞു. ഈ വെറും ചെലവ് എന്തിന്? ഇതു വളരെ വിലയ്ക്കു വിറ്റ് ദരിദ്രർക്ക് കൊടുക്കാമായിരുന്നല്ലോ എന്നു പറഞ്ഞു. യേശു അത് അറിഞ്ഞ് അവരോട് : സ്ത്രീയെ അസഹ്യപ്പെടുത്തുന്നത് എന്ത്? അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത്. ദരിദ്രർ നിങ്ങൾക്ക് എല്ലായ്പ്പോഴും അടുക്കൽ ഉണ്ട്; ഞാൻ എല്ലായ്പ്പോഴും ഇല്ല താനും. അവൾ ഈ തൈലം എന്റെ ദേഹത്തിന്മേൽ ഒഴിച്ചത് എന്റെ ശവസംസ്ക്കാരത്തിനായി ചെയ്തതാകുന്നു. ലോകത്തിൽ സുവിശേഷം പ്രസംഗിക്കുന്നിടത്തെല്ലാം, അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു" (മത്തായി. 26:6-13). ഇങ്ങനെ തന്നെ മർക്കോസിന്റെ സുവിശേഷത്തിലും, 14-ാം അദ്ധ്യായം 3-9 വരെ ഭാഗങ്ങളിൽ കാണുന്നു. ലൂക്കോസിന്റെ സുവിശേഷത്തിൽ അല്പം വ്യത്യാസമായിട്ടാണെങ്കിലും "പാപിനിയായ ഒരു സ്ത്രീ" പരീശന്മാരിൽ ഒരുത്തന്റെ വീട്ടിൽ വച്ച് ഒരു വെൺകൽഭരണി പരിമളതൈലം കൊണ്ടുവന്ന് കണ്ണുനീർകൊണ്ട് കർത്താവിന്റെ കാൽ നനച്ചു. തലമുടികൊണ്ട് തുടച്ച് കാൽ ചുംബിച്ച് തൈലം പൂശി എന്നും (ലൂക്കോ. 7:36) മുതലുള്ള ചില വാക്യങ്ങളിൽ കാണാം. എന്നാൽ യോഹന്നാൻ എഴുതുമ്പോൾ മറിയ വിലയേറിയ സ്വച്ഛജടാമാംസി തൈലം ഒരു റാത്തൽ എടുത്ത് യേശുവിന്റെ കാലിൽ പൂശി തന്റെ തലമുടികൊണ്ട് കാൽ തുവർത്തി. തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീടു നിറഞ്ഞു. എന്നാൽ അവന്റെ ശിഷ്യന്മാരിൽ ഒരുത്തനായ അവനെ കാണിച്ചു കൊടുപ്പാനുള്ള യൂദാ ഈ തൈലം മുന്നൂറു വെള്ളിക്കാശിനു വിറ്റു ദരിദ്രർക്ക് കൊടുക്കാഞ്ഞത് എന്ത് എന്ന് പറഞ്ഞു. (യോഹ. 12:3-5) എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ഇവിടെ നാലു സുവിശേഷങ്ങളിലും പറഞ്ഞിരിക്കുന്നതായ സ്ത്രീയും പരിമളതൈലം പൂശിയ സംഭവവും ഒന്നു തന്നെയാണെന്നും, അല്ല വേറെ വേറെ സംഭവമാണെന്നുമൊക്കെ പല വിധത്തിലുള്ള വ്യാഖ്യാനങ്ങൾ ഉണ്ടെങ്കിലും, ഈ സംഭവത്തിൽ ശിഷ്യന്മാരുടെ അഭിപ്രായങ്ങൾ മത്തായിയും മർക്കോസും ലൂക്കോസും യോഹന്നാനും അവരുടെ സുവിശേഷങ്ങളിൽ എഴുതിയിരിക്കുന്നതിൽ കർത്താവിനെ ഒരു സ്ത്രീ തൈലം പൂശിക്കൊണ്ട് ആദരിച്ചു എന്ന ഒരു കാര്യത്തിൽ തർക്കമില്ല. ഇത് ഒരാളുതന്നെയെന്നോ അല്ലായെന്നോ വാദിക്കാനല്ല. ശിഷ്യന്മാരുടെ കാഴ്ചപ്പാടും അവരുടെ അഭിപ്രായവും ഇതറിഞ്ഞ കർത്താവിന്റെ മറുപടിയും രേഖയാക്കി നമുക്കു തന്ന മത്തായി 26:8-ൽ 'ശിഷ്യന്മാർ' ഇതു കണ്ടിട്ടു മുഷിഞ്ഞു.. എന്നും മർക്കോ. 14:4 – ൽ അവിടെ ചിലർ : തൈലത്തിന്റെ ഈ വെറും ചെലവ്... എന്നും യോഹന്നാൻ പറയുമ്പോൾ ബേഥാന്യായിൽ മരിച്ചവരിൽ നിന്നുയിർപ്പിച്ച ലാസറും, മാർത്തയും മറിയയും ഉണ്ടായിരുന്നിടത്ത് മറിയ സ്വച്ഛജടമാംസി തൈലം ഒരു റാത്തൽ എടുത്ത് യേശുവിന്റെ കാലിൽ പൂശി തന്റെ തലമുടി കൊണ്ട് കാൽ തുവർത്തി എന്നും യൂദ ഇസ്കര്യോത്താ ഇത് മുന്നൂറിലധികം വെള്ളിക്കാശിനു വിറ്റ് ദരിദ്രർക്ക് കൊടുക്കാമായിരുന്നു എന്നു പറഞ്ഞതു മാത്രമല്ല. അവനു ദരിദ്രരെ കുറിച്ചു ഭാരമുണ്ടായിട്ടൊന്നുമല്ല അവൻ കള്ളനായതുകൊണ്ടും പണസഞ്ചി സൂക്ഷിപ്പുകാരനാകകൊണ്ടും അതിൽ ഇട്ടത് എടുത്തുവന്നതുകൊണ്ടുമത്രേ അവൻ അങ്ങിനെ പറഞ്ഞതെന്ന് വ്യക്തമാക്കാൻ യോഹന്നാൻ മടിച്ചില്ല.

യിസ്രായേൽ മക്കൾ വിലമതിച്ചവന്റെ വിലയായ മുപ്പതു വെള്ളിക്കാശ് വാങ്ങിക്കൊണ്ട് ആത്മവഞ്ചനയുടെയും ദ്രവ്യാഗ്രഹത്തിന്റെയും കാപട്യം നിറഞ്ഞ ചുംബനം കൊണ്ട് ഒറ്റിക്കൊടുത്ത യൂദ ശിഷ്യന്മാരിലൊരുത്തനാണ്; കർത്താവിന്റെ കാലിൽ പൂശിയ തൈലത്തിന്റെ വിലയായി മുന്നൂറിലധികം വെള്ളിക്കാശിന് വിറ്റ് ദരിദ്രരെ സഹായിക്കാൻ സാധിക്കുമായിരുന്നു എന്ന് ബുദ്ധിയുപദേശിച്ചതും ഈ വെറും ചെലവ് എന്തിന് എന്നു പറഞ്ഞു അവളെ അസഹ്യപ്പെടുത്തിയതും.

എന്നാൽ കർത്താവിന്റെ മറുപടി അവളെ അസഹ്യപ്പെടുത്തുന്നത് എന്ത് അവൾ എങ്കൽ നല്ല പ്രവൃത്തിയല്ലോ ചെയ്തത്. നിങ്ങൾ ഒരു നല്ല കാര്യം പറഞ്ഞു എന്നു കർത്താവു പറഞ്ഞില്ല. എന്നാൽ നിങ്ങൾക്ക് ഇച്ഛിക്കുമ്പോൾ നന്മ ചെയ്യാമല്ലോ ദരിദ്രർ എല്ലാക്കാലത്തും നിങ്ങൾക്ക് ഉണ്ടല്ലോ; മാത്രമല്ല എന്റെ ശവസംസ്കാരദിവസത്തിനായി അവൾ ഇതു സൂക്ഷിച്ചു എന്നിരിക്കട്ടെ, "സുവിശേഷം ലോകത്തിൽ പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" എന്നും പറഞ്ഞു. ആരാധനയിൽ അനേകരും ഒരു സ്ത്രീ പരിമളതൈലത്തിന്റെ ഭരണി പൊട്ടിച്ച് കാലിൽ പൂശി സൗരഭ്യം കൊണ്ടു വീടു നിറഞ്ഞു എന്നനേകം ആവർത്തി പറയുന്നതു കേട്ടിട്ടുണ്ട്. എങ്കിലും സുവിശേഷം പ്രസംഗിക്കുന്നേടത്ത് ഒരിക്കൽ പോലും ഒരിടത്തുപോലും ഇക്കാര്യം ആരും പ്രസ്താവിച്ച് ഈയുള്ളവൻ കേട്ടിട്ടില്ല.


ഇക്കാലങ്ങളിൽ നടക്കുന്ന മഹാമേളകളിൽ ലക്ഷങ്ങൾ ചെലവിട്ട് വിവിധ പരിപാടികൾ നടത്തുതിന് ലക്ഷങ്ങൾ ചെലവഴിക്കുമ്പോൾ ഈ വെറുംചിലവ് എന്തിനെന്ന് ചിലരെങ്കിലും ചിന്തിച്ചേക്കാം. കർത്താവിന്റെ മറുപടി ഓർക്കുക "അവൾ എങ്കൽ നല്ല പ്രവർത്തിയല്ലോ ചെയ്തത്" തീർന്നില്ല കർത്താവ് പറഞ്ഞത് പോലെ ശവസംസ്കാരത്തിനായി കരുതിയിരുന്നു എന്നും പറഞ്ഞു. മറിയകൊണ്ടുവന്ന ഒരു റാത്തൽ സുഗന്ധക്കൂട്ട് കർത്താവിനെ പൊതിഞ്ഞ നൂറു റാത്തലിനോട് കൂട്ടുകയാണ്. മാത്രമല്ല സ്ത്രീകൾ ഉയിർപ്പിൻനാളിൽ അതിരാവിലെ കൊണ്ടുവന്ന സുഗന്ധകൂട്ടിന് കണക്കുമില്ല. ഈ പ്രവൃത്തി ലോകമുള്ളടത്തോളം നിലനില്ക്കുകയാണ്.

അതുകൊണ്ട് നാം അനേക ലക്ഷങ്ങൾ ചെലവിട്ട് നടത്തുന്ന മഹാമേളകളിൽ കർത്താവ് പറയുവാൻ പറഞ്ഞകാര്യങ്ങൾ പറഞ്ഞോ മതിയാവുകയുള്ളു. എന്നാൽ ഇന്നുകേൾക്കുന്നത് കെട്ടുകഥകളും കർണ്ണരസമായ പ്രസംഗങ്ങളും സമൃദ്ധിയുടെ സുവിശേഷവുമാണ്. ഇതിനല്ല നാം സമയവും പണവും ചെലഴിക്കേണ്ടത്. അവ്യക്തമായ ഒളിയമ്പുകൾ പ്രയോഗിക്കുന്നതിനേക്കാൾ നേരിട്ട് കാര്യങ്ങൾ പറയണം. മറ്റൊരാളിന്റെ വിശ്വാസപ്രമാണത്തെ മുറിപ്പെടുത്തേണ്ട ആവശ്യം നമുക്കില്ല. കർത്താവ് പറഞ്ഞതുപോലെ അവൾ തന്നാൽ ആവതു ചെയ്തു. ക്രൂശിന്റെ വചനം നേരിട്ട് ജനങ്ങളെ അറിയിക്കുക. ആളുകൾ അത് അംഗീകരിക്കും. ദൈവം നമ്മെ സഹായിക്കട്ടെ.

## ബ്രദറൺ വിഷൻ മാസിക

വാഗമൺ : ബ്രദറൺ വാർത്ത മാസികയായ ബ്രദറൺ വിഷൻ മാസിക എല്ലാ മാസവും മാസികയുടെ www.brethrenvisions.com എന്ന website-ൽ വായിക്കാവുന്നതാണ്. മാസിക പ്രവർത്തനത്തെ ദൈവജനം വിശേഷാൽ പ്രാർത്ഥനയിൽ ഓർത്താലും ചീഫ് എഡിറ്റർ : കെ. എസ്. ഗോപാലകൃഷ്ണൻ

# മഹത്വത്തിൽ



**മൈലപ്ര:** മൈലപ്ര ബ്രദറൺ സഭാ മൂപ്പന്മാരിൽ ഒരാളും സൺഡേസ്കൂൾ അദ്ധ്യാപകനും ഹെഡ്മാസ്റ്ററും ആയി സേവനം അനുഷ്ഠിച്ചിരുന്ന കെ. പി. ജോർജ്ജ് (87) കരിംകുറ്റിക്കൽ (റിട്ട. എ. ഇ.ഒ.) കർത്തൃസന്നിധി ചേർക്കപ്പെട്ടു. സ്ക്കാരം 10.3.12 ന് ബ്രദറൺ സ്ഥലം സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. പരേതൻ വിവിധ സാമൂഹ്യസംഘടനാ പ്രവർത്തനങ്ങളിലും സഭാ സംബന്ധമായ വിവിധ ചുമതലകൾ ചെയ്തിരുന്ന അദ്ദേഹം ഒരു മികച്ച ഉപദേഷ്ടാവായിരുന്നു. SAI യുടെയും എൻ.എം. സ്കൂളുകളുടെയും ക്രിസ്ത്യൻ മെഡിക്കൽ സർവ്വീസ് സൊസൈറ്റിയുടെയും ചുമതലകൾ വഹിച്ചിട്ടുണ്ട്. ഭാര്യ : ചെങ്ങന്നൂർ അങ്ങാടിക്കൽ പുതുക്കേരിൽ ചിന്നമ്മ. മക്കൾ : കെ. ജി. പീറ്റർ, കെ. ജോർജ്ജ് ജേക്കബ്, റെജി കെ. ജോർജ്ജ്, ലീലാമ്മ. മരുമക്കൾ : മേഴ്സി, മേരി, മോൻസൻ ഏബ്രഹാം.




**പുത്തൻകാവ് :** ഇടശ്ശേരിമല മോടിയിൽ പരേതനായ കെ. പി. ഫിലിപ്പിന്റെ ഭാര്യ ചിന്നമ്മ (103) നിത്യതയിൽ ചേർക്കപ്പെട്ടു. പുത്തൻകാവ് ബ്രദറൺ സഭയുടെ ചുമതലയിൽ സംസ്ക്കരിച്ചു. പൂവത്തൂർ നനഞ്ഞേത്ത് കുടുംബാംഗമാണ് പരേത. മക്കൾ. ചാക്കോഫിലിപ്പ്, പരേതനായ എം. പി. തോമസ്. മരുമക്കൾ : ലീലാമ്മ, ലില്ലിക്കുട്ടി.



**പത്തനാപുരം :** കലഞ്ഞൂർ മല്ലങ്കുഴ ചെക്കാട്ട് വർക്കി. സി. ജോൺ (വർക്കി സാർ, റിട്ട. ടീച്ചർ, എൻ.എം.യു.പി. സ്കൂൾ, കലഞ്ഞൂർ) കർത്തൃസ്നിധി ചേർക്കപ്പെട്ടു. 20-3-12 തിങ്കളാഴ്ച 10.30ന് കലഞ്ഞൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ ശുശ്രൂഷകൾക്കു ശേഷം പാതിരിക്കൽ സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ : തടിയൂർ കല്ലോത്ത് പരേതയായ തങ്കമ്മ വർക്കി (റിട്ട. ടീച്ചർ എൻ.എം. യു.പി. സ്കൂൾ, കലഞ്ഞൂർ). മക്കൾ : സാം ചെക്കാട്ട്, ഫിലിപ്പ് വി. ജോൺസൺ, രാജു വി. ജോൺസൺ, മരുമക്കൾ : അഡ്വ. ഷീലാ സാം, ഗ്രേസ് ഫിലിപ്പ്, എലിസബേത്ത് മാത്യു.



**തടിയൂർ :** വാഴോലിൽ കുടുംബം പരേതനായ സി.ജെ. ഏബ്രഹാമിന്റെ ഭാര്യ ശോശാമ്മ (88) നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാരം 3.4.12 തടിയൂർ ബ്രദറൺ സെമിത്തേരിയിൽ നടത്തി. മക്കൾ: കുഞ്ഞുമോൻ, റോസമ്മ, ആലീസ്, മോളി, ബാബു, രാജു. മരുമക്കൾ: അമ്മിണി, അച്ചൻകുഞ്ഞ്, സണ്ണി, സാംകുട്ടി, വത്സമ്മ, കുഞ്ഞുമോൾ.



**വാളക്കുഴി :** സുവി. സി. എം. ജോൺ (92) കർത്തൃസന്നിധി ചേർക്കപ്പെട്ടു. തെള്ളിയൂർ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. മക്കൾ : സാറാമ്മ, ജോൺ, ചാക്കോ, കൊച്ചുപെണ്ണ്, കുഞ്ഞുകുട്ടി, കുഞ്ഞമ്മ, ലീലാമ്മ, അനിയൻ, പരേതയായ ചിന്നമ്മ. മരുമക്കൾ: കുഞ്ഞോമ, ഏലിയാമ്മ, ബേബി, ലീലാമ്മ, ജോൺ, സോമൻ, സാറാമ്മസ പരേതരായ ജോഷ്വാ, സാറാമ്മ.



**അയ്മനം :** പതിനെട്ടിൽ പുത്തൻപുരയിൽ കെ. വി. ചാക്കോ (88) നിത്യതയിൽ ചേർക്കപ്പെട്ടു. ഉളശ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ നട്ടാശേരി പൂഴിത്തറയിൽ പി. എ. ചാക്കോയുടെ മകൾ ഓമന. മക്കൾ : രാജു, അനിയൻകുഞ്ഞ്, ലീലക്കുട്ടി, രോഹിണി. മരുമക്കൾ : മോളി, ലീലാമ്മ, കുന്നന്താനം കുളങ്ങരപീടികയിൽ ഫീലിപ്പോസ്, കോടഞ്ചേരി ചൂരപൊയ്കയിൽ ജോജി.



**തിരുവല്ല :** കുറ്റപ്പുഴ കൊച്ചുപറമ്പിൽ പുത്തൻ വീട്ടിൽ കോശിഏബ്രഹാം (അവറാച്ചൻ 88) നിത്യതയിൽ പ്രവേശിച്ചു. സംസ്ക്കാരം 3.4.12 കിഴക്കൻമുത്തൂർ ബ്രദറൺ സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: കെ.എ. രാജു ദുബൈ, എ.കെ. വർഗീസ്, കെ.എ. ഏബ്രഹാം കൂവൈറ്റ്, മരുമക്കൾ: കുഞ്ഞുമോൾ,സൂസൻ, ലീലാമ്മ



**മഴുക്കീർ :** പാണ്ടനാട് സ്ഥലം സഭാമൂപ്പന്മാരിൽ ഒരാളായിരുന്ന പള്ളത്ത് പി.എം. ചെറിയാൻ (കുഞ്ഞച്ചൻ, 91) 2012 മാർച്ച് 20ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 24.3.12ന് പാണ്ടനാ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ഭാര്യ കുമ്പനാട് കടപ്ര എഴുമാലിൽ പാടിപ്പുറത്ത് പരേതയായ അന്നമ്മയാണ്. മക്കൾ : കെ. സി. മത്തായി, കെ.സി. ബാബു, ഷാജി ചെറിയാൻ, മേരിക്കുട്ടി, ലില്ലിക്കുട്ടി. മരുമക്കൾ : സാറാമ്മ മത്തായി, വത്സ ബാബു, സോമി ഷാജി, തമ്പി കിഴുവള്ളിൽ, രാജു മണത്തറ.



**ചെങ്ങന്നൂർ :** കങ്ങഴ മുണ്ടത്താനം തോപ്പിൽ പരേതനായ ടി എം. മത്തായിയുടെ ഭാര്യ റിട്ട. അദ്ധ്യാപിക പി. സി. ഏലിയാമ്മ (85) നിത്യതയിൽ ചേർക്കപ്പെട്ടു. പുത്തൻകാവ് ബ്രദറൺ സഭാഹാളിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. മല്ലപ്പള്ളി മംഗലത്ത് കുടുംബാംഗമാണ് പരേത. മക്കൾ: ഡോ. സാലിക്കുട്ടി, വിശാമ്മ, പരേതനായ പ്രഫ. ചെറിയാൻ മാത്യു. മരുമക്കൾ : പ്രഫ. പി. എ. ഏബ്രഹാം, ഡോ. ആനിയമ്മ ചെറിയാൻ, ജോർജ്ജ് ഏബ്രഹാം.



**റാന്നി :** ചേത്തയ്ക്കൽ തൊള്ളായിരക്കുഴിയിൽ എ. വി. മാത്യു (ബേബിക്കുട്ടി 57) നിത്യതയിൽ പ്രവേശിച്ചു. ക്രിസ്ത്യൻ ബ്രദറൺ അസംബ്ലിയിൽ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്ക്കരിച്ചു. ഭാര്യ : അരികിനേത്ത് ജോയിയമ്മ. മക്കൾ : ലിജു, ഡിജു, ജിബി. മരുമക്കൾ : ഷൈല

## രോഗികൾക്കായി പ്രാർത്ഥിക്കാം

**മഴുക്കീർ:** കാട്ടുവേലിൽ വത്സമ്മകുര്യാക്കോസ് ഹൃദയശസ്ത്രക്രിയയ്ക്കായി അമൃതാഹോസ്പിറ്റലിൽ കഴിയുന്നു. ദൈവജനംപ്രാർത്ഥിക്കുക.

**ഉമയാറ്റുകര:** പുതുശ്ശേരിയത്ത് അമ്മാൾ പ്രമേഹ രോഗത്തെ തുടർന്ന് മാസങ്ങളായി പല പ്രയാസത്തിലൂടെ കടന്നുപോകുന്നു. പ്രാർത്ഥിച്ചാലും

**പുനലൂർ:** ടോമിചെറിയാൻ പ്രമേഹരോഗത്തെ തുടർന്ന് ഒരുകാൽ മുട്ടിനുതാഴ്വശം മുറിച്ചുമാറ്റേണ്ടതായിവന്നു. സഹോദരൻ കിഡ്നി സംബന്ധമായും രോഗത്താൽ ഡയാലൈസിസ് ചെയ്തുവരുന്നു.

Reg. No. E. 3884/05/K.Div. Licence to post Registered News paper without pre-payment.Licence No.KL/TLA/WPP/128/2011-13
Postal Reg.No.KL/TLA/208/2011-13

niyogam
BRETHREN VARTHA PATHRIKA 2012 ഏപ്രിൽ 5

## ബാലസംഘം സ്പെഷ്യൽ ക്യാമ്പ് പുത്തൻകാവ്

പുത്തൻകാവ് : 2012 ഏപ്രിൽ 2 മുതൽ 7 വരെ സുവിശേഷകൻ ബാലസംഘത്തിന്റെ ടീൻസ് സ്പെഷ്യൽ ക്യാമ്പ്, **ക്യാമ്പ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു**. ബൈബിൾ ക്ലാസുകൾ, ഗാനപരിശീലനം, താലന്ത് പരിശോധന തുടങ്ങിയ ഇനങ്ങൾ കുട്ടികൾക്കായി നടത്തപ്പെടുന്നു.

## വൈ.എം.ഇ.എഫ്. ഏകദിനസമ്മേളനം നെല്ലിക്കുന്ന്

ദൈവഹിതമായാൽ വൈ.എം.ഇ.എഫ്. തൃശൂർ യൂണിറ്റിന്റെ ചുമതലയിലും നെല്ലിക്കുന്ന് സിയോൻ ബ്രദറൺ സഭയുടെ സഹകരണത്തിലും 2012 മെയ് 1-ാം തീയതി ചൊവ്വാഴ്ച (രാവിലെ 9 മുതൽ വൈകിട്ട് 4 വരെ) ഒരു ഏകദിന സമ്മേളനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. മുഖ്യാതിഥി : ബ്രദർ ജെയിംസ് തണ്ണിത്തോട്, കോട്ടയം എന്ന്,സെക്രട്ടറി, പി. എ. ഡേവി, 9846304822

## S.P.S. ഫണ്ടു പ്രവർത്തനങ്ങൾ

S.P.S. ഫണ്ടു പ്രവർത്തനങ്ങൾ വളരെ അനുഗ്രഹകരമായി തുടരുന്നു. ഈ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യുന്ന എല്ലാ ദൈവമക്കളോടും നന്ദി അറിയിക്കുന്നു. 2012 മാർച്ച് 18-ാം തീയതി സുവി. എം. കെ. കുഞ്ഞുമോന്റെ ഭവനത്തിൽ മുഴുരാത്രി പ്രാർത്ഥനയും 20-ാം തീയതി 8 am to 6 pm വരെ പത്തനംതിട്ട കോട്ടയം ജില്ലകളിലായി. 22 സ്ഥലങ്ങളിലായി പരസ്യയോഗങ്ങൾ നടത്തുകയുണ്ടായി. രാവിലെ 8 മണിക്ക് വെണ്ണിക്കുളത്ത് സുവി. സി. സി. മാത്യു ഉത്ഘാടനം നിർവ്വഹിച്ച മീറ്റിംഗ് ല്ലപ്പള്ളി-കറുകച്ചാൽ-മണിമല-കാഞ്ഞിരപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിച്ച് 6 മണിക്ക് എരുമേലിയിൽ സമാപിച്ചു. സ്വമേധയാ പ്രവർത്തകർ ഉൾപ്പെട്ട 52 പേർ സംബന്ധിച്ചു. 6 വാഹനങ്ങൾ വാടകയ്ക്കെടുത്താണ് പ്രവർത്തനം നടത്തിയത്. ആയിരക്കണക്കിന് സുവിശേഷപ്രതികൾ അനേകരുടെ കരങ്ങളിലെത്തിക്കുവാൻ കഴിഞ്ഞു. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും തുടർന്നും അപേക്ഷിച്ചുകൊള്ളുന്നു.

സെക്രട്ടറി: സി. പി. അനിയൻ, ട്രഷറാർ ഈട്ടിയ്ക്കൽ കുഞ്ഞുമോൻ

## 62-ാമത് വിമൻസ് ബൈബിൾ ക്യാമ്പ് - കുമ്പനാട്

ക്യാമ്പ് തീം : ദൈവത്തിൽ നിന്നു ജനിച്ചവൻ തന്നത്താൻ സൂക്ഷിക്കുന്നു

കുമ്പനാട് : കുമ്പനാട് സോദരി സമാജത്തിന്റെ ആഭിമുഖ്യത്തിൽ യുവസഹോദരിമാരുടെ ആത്മീയാഭിവൃദ്ധി മുൻനിർത്തി 2012 ഏപ്രിൽ 2 തിങ്കൾ ഏപ്രിൽ 7 ശനി വരെ വിമൻസ് ക്യാമ്പ് കുമ്പനാട് ബ്രദറൺ സഭാഹാളിൽ വച്ച് നടത്തപ്പെടുന്നു. സഹോ. പി.ഒ. സാമുവേൽ കുമ്പനാട്, ജോഷി ഏബ്രഹാം, പുല്ലാട്, സി. എ. ജോർജ്ജ് കുമ്പനാട്, വർഗീസ് തോമസ്, റാന്നി എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുന്നു. സോദരിസമാജത്തിനുവേണ്ടി,

*മിസ്സിസ് ഓമന ജോസ്, മിസ്സിസ് തങ്കമ്മ വർഗീസ്, മിസ് ലില്ലി എം. തോമസ്*

## അറയ്ക്കപ്പെടി കൺവൻഷൻ

ദൈവഹിതമായാൽ ഏപ്രിൽ 18-22 വരെ അറയ്ക്കപ്പെടി ബ്രദറൺ സഭാഹാളിനു മുൻവശം തയ്യാറാക്കുന്ന പന്തലിൽ വച്ച് സുവിശേഷപ്രസംഗങ്ങളും സംഗീത ശുശ്രൂഷയും നടത്തപ്പെടുന്നതാണ്. എല്ലാ ദിവസവും 6.30 pm മുതൽ 9.00 pm വരെ സുപ്രസിദ്ധപ്രസംഗകരായ ജോൺ പി. തോമസ് എറണാകുളം, ചാണ്ടപ്പിള്ള ഫിലിപ്പ് കോട്ടയം എന്നീ കർതൃദാസന്മാർ വചനം ശുശ്രൂഷിക്കുന്നതാണ്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിൽ അറയ്ക്കപ്പെടി പരിസരപ്രദേശങ്ങളിൽ ഭവനസന്ദർശനവും പരസ്യവേലയും നടത്തുവാനാഗ്രഹിക്കുന്നു. 21 ശനി 9.30 am മുതൽ ഒരു ബൈബിൾ ക്ലാസും (സഭയെ എങ്ങനെ സ്നേഹിക്കാം) ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ് നിർവ്വഹിക്കുന്നതാണ്. ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥനയും സഹകരണവും ആവശ്യപ്പെടുന്നു.ബ്രദർ നെൽസൺ എ. ഫോൺ : 9847959865

## ദൈവജനത്തിന്റെ പ്രത്യേക ശ്രദ്ധയ്ക്ക്

ഞാൻ കഴിഞ്ഞ 16 വർഷക്കാലമായി ഹൈറേഞ്ചിൽ പട്ടംകോളനി തൂക്കുപാലം എന്ന സ്ഥലത്ത് താമസിച്ച് കർത്താവിന്റെ വേല ചെയ്തു വരുന്നു. 70-ൽ അധികം ആളുകൾകൂടി വരുന്ന ഒരു കൂടിവരവ് ഇവിടെ ഉണ്ട്. എന്റെ മേൽവിലാസത്തിൽ ചില വർഷങ്ങളായി പെന്തക്കോസ്തുവിഭാഗക്കാരനായ മറ്റൊരാൾ ഈ സ്ഥലത്തുണ്ട്. അതു നിമിത്തം ദൈവജനം അയക്കുന്ന പല കത്തുകളും ഇതിനോടകം എനിക്ക് നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടതിന്റെ വെളിച്ചത്തിൽ ദൈവജനത്തെ അറിയിക്കുന്നു. തന്നെയുമല്ല Gospel Harvest Ministry Valiyaveettil എന്ന അഡ്രസിൽ ഇയാൾ ഇപ്പോൾ കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടു. കഴിഞ്ഞനാളുകളിൽ എനിക്ക് നഷ്ടപ്പെട്ടതും ഇയാളുടെ കൈവശം ലഭിച്ചതുമായ കത്തുകളിൽ നിന്നും ഇയാൾ ദൈവജനത്തിന്റെ അഡ്രസുകൾ കളക്ട് ചെയ്ത് കത്തിടപാടുകൾ നടത്തുവാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുക. എന്റെ പേരിൽ അയക്കുന്ന കത്തുകൾ താഴെ പറയുന്ന അഡ്രസിൽ മാത്രം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ.

Evg. Lalu V. Abraham, Brethren Church Thookkupalam, P.B. No. 2, Kallar P.O., Idukki (Dist.), Pin - 685 552, Ph: 9495315554

## മ്യൂസിക് ഫെസ്റ്റ് 2012 മധുര

മധുര ബൈബിൾ ഭവനിൽ വച്ച്, 8-4-2012 ഞായറാഴ്ച വൈകിട്ട് 6.30ന്, അനുഗ്രഹീത ഗായകരുടെ വിവിധ ഭാഷകളിലുള്ള സംഗീത സദ്യ!! തമിഴ്, മലയാളം, ഹിന്ദി, തെലുങ്ക്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അവതരിപ്പിക്കുന്നു. അതോടൊപ്പം അനുഗ്രഹീത സാക്ഷ്യങ്ങളും തിരുവചന സന്ദേശവും നൽകുന്നു.
ബൈപ്പാസ് റോഡ് മധുര 625 016
ഫോൺ : 9443278292

## സുവിശേഷയോഗവും സംഗീത സായാഹ്നവും

വടശ്ശേരിക്കര മാർക്കറ്റ് റോഡ്-കല്ലേത്ത് റിവർ വ്യൂ ഭവനാങ്കണത്തിൽ വച്ച് 2012 ഏപ്രിൽ 26, 27, 28 തീയതികളിൽ വൈകിട്ട് 6.30 മുതൽ 9 വരെ നടത്തപ്പെടുന്നു. പ്രസംഗകർ : സഹോദരന്മാരായ എ. അനിൽ തിരുവനന്തപുരം, ജോൺ ബി. തോമസ് എറണാകുളം, വർഗീസ് കെ. കുര്യൻ, പാമ്പാടി.പ്രമുഖ സംഗീത ട്രൂപ്പുകളിൽപ്പെട്ട സഹോദരന്മാർ ഗാനങ്ങളാലപിക്കുന്നു. ഏവർക്കും സ്വാഗതം കൺവൻഷനുവേണ്ടി രാജു കെ. തോമസ് കല്ലോത്ത് വടശേരിക്കര

## ഹരിയാനയിലെ റോത്തക്കിൽ സുവിശേഷയോഗം

റോത്തക്ക് ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ 2012 ഏപ്രിൽ 3, 4 തീയതികളിൽ സുവിശേഷയോഗങ്ങൾ നടത്തപ്പെടുന്നു. റോത്തക്കിലുള്ള ഗ്രാമങ്ങളിലെ ജനങ്ങളെ ക്ഷണിച്ചു വരുത്തി സുവിശേഷം അറിയിക്കുവാനായി നടത്തപ്പെടുന്ന മീറ്റിംഗിൽ സഹോദരൻ എം. ജെ. ബാബു (ഡൽഹി) മുഖ്യപ്രഭാഷണവും ബൈബിൾ ക്ലാസും നടത്തും. സഹോദരൻ എഡ്വിൻ പോളിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നിർവ്വഹിക്കും. ധാരാളമാളുകൾ സുവിശേഷം കേൾക്കുവാനായി പ്രത്യേക ഹാൾ വാടകയ്ക്കെടുത്താണ് യോഗം നടത്തുന്നത്. ഈ യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ. സഭയ്ക്കു വേണ്ടി ഗോവിന്ദ്, പ്രശാന്ത് ബിർല, സുനിൽ തൻവാർ, പി. എസ്. സണ്ണി. P. S. Sunny, 1640/12 Court Lane, Rohtak - 124001, Haryana, Ph: 9466831614

## GUJARAT BRETHREN BIBLE INSTITUTE

Applications are invited from students for One Year Course (11th Batch) commencing from 20th June 2012, at Gujarat Brethren Bible Institute, Gandhidham, Kutch. Those who bear good testimony at their local Assembly can apply. Practical training shall be given along with Bible studies. Medium of instruction is Hindi and English. Decent food and accomodation shall be free. Please write immediately for Application Form.Gujarat Brethren Bible Institute. Plot No. 147, Sector.7, Gandhidham 370201. Kutch. Gujarat, Ph: 02836-224763, 226951, e-mail: simonpayyanur@sancharnet.in

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

പനയൂർ പാലക്കാട് : കൃപയാൽ 2012 ഫെബ്രുവരി 10, 11 തീയതികളിൽ ഭവനസന്ദർശനങ്ങളും 12ന് ഉച്ചയ്ക്കുശേഷം സണ്ടേസ്കൂളിന്റെ വാർഷികവും അനുഗ്രഹമായി നടന്നു. സഹോദരൻ ബേബിച്ചൻ-കീമറ്റം കാസർകോഡ് പ്രവർത്തനങ്ങളിൽ പങ്കെടുത്ത് വചനം ശുശ്രൂഷിച്ചു. പ്രവർത്തനങ്ങൾ മുഖാന്തരം ആത്മാക്കൾ രക്ഷിക്കപ്പെട്ടു മുന്നോട്ടു വരേണ്ടതിനായി ദൈവമക്കൾ പ്രാർത്ഥിക്കേണമെ. ക്രിസ്തുയേശുവിൽ സഹോദരൻ വി. ജോസ്

## സുവിശേഷകൻ ബാലസംഘം നിലമ്പൂർ സെന്റർ ക്യാമ്പ്

നിലമ്പൂർ : സുവിശേഷകൻ ബാലസംഘം നിലമ്പൂർ സെന്റർ ക്യാമ്പ് ദൈവഹിതമായാൽ 2012 ഏപ്രിൽ 23-25 വരെ പള്ളിക്കുത്ത് ബ്രദറൺ സഭാഹാളിൽ വച്ച് നടക്കുന്നതാണ്. ബ്രദർ ബിനു ശാമുവേൽ (പത്തനംതിട്ട), ഫിലിപ്പ് കെ. ആൻഡ്രൂസ് (കോട്ടയം), കെ. ഗോപിനാഥ് (പാലേമാട്) എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കും. ഏകദേശം 80,000 രൂപ ചെലവ് വരുന്ന ഈ ക്യാമ്പിലേക്ക് ദൈവജനത്തിന്റെ പ്രാർത്ഥനയും സാമ്പത്തീക സഹകരണവും പ്രതീക്ഷിക്കുന്നു. ഫീസ് നിശ്ചയിച്ചിട്ടില്ല.

സാമ്പത്തീക കൂട്ടായ്മ അയക്കുന്നവർ (ചെക്ക് , ഡ്രാഫ്റ്റ്) സെക്രട്ടറി റിജോ മാത്യു ട്രഷറർ, കെ. എം. തോമസ് എന്നിവരുടെ പേരിൽ എടുത്തിട്ടുള്ള ജോയിന്റ് അക്കൗണ്ട് നമ്പർ 67174441235, എസ്.ബി.റ്റി. എടക്കര ബ്രാഞ്ച് എന്നെഴുതി സെക്രട്ടറിയുടെ പേരിൽ അയച്ചാലും. പ്രസിഡന്റ് ജോൺ ശാമുവേൽ, സെക്രട്ടറി റിജോ മാത്യു. കൂടുതൽ വിവരങ്ങൾക്ക്. Treasurer : K. M Thomas, Kuttiyil House, Sankaramkulam, Palemad Post, Secretary :Rijo Mathew, Lahamannil House, Pallikkuth Post, Nilambur - 679 334
Ph: 9946360608

Printed, Published and owned by M.V.Babu, Mulampallil, Kallissery P.O.-689124. Printed at Puthethu Offset Kallissery, Published at Kallissery, Design: rajeshprasadam@gmail.com